വാരാദ്യ മാധ്യമം
12 ഞായർ 2020 ജനുവരി
ലക്കം 1647



4
**പരീക്ഷണമാണ് ഓരോ സിനിമയും**
• ലിജോ ജോസ് പെല്ലിശ്ശേരി / വിജയ് സി.എച്ച്
പ്രമേയ തിരഞ്ഞെടുപ്പിലെയും ദൃശ്യപരിചരണത്തിലെയും പുതുമകൊണ്ട് ചലച്ചിത്ര ആസ്വാദകരെ വിസ്മയിപ്പിക്കുന്ന സംവിധായകൻ സംസാരിക്കുന്നു

അഭിമുഖം



# സമയം ബാക്കിയുണ്ട്, ഞങ്ങളെ കേൾക്കാൻ

• സന്ന ഇർഷാദ് മാട്ടൂ

ചിത്രം: ഷക്കീബ് കെ.പി.എ

**“ കശ്മീരിനെ തുറന്ന ജയിലാക്കിയിരിക്കുകയാണ് കേന്ദ്രം. ഭരണകൂട വിലക്കുകളെയെല്ലാം മറികടന്ന് പൊരുതുന്ന കശ്മീരിൻെറ ചിത്രങ്ങൾ പുറംലോകത്തെത്തിച്ച യുവ മാധ്യമപ്രവർത്തകയാണ് ശ്രീനഗർ സ്വദേശി സന്ന ഇർഷാദ് മാട്ടൂ. കശ്മീരിൻെറ വർത്തമാനം പറയുകയാണ് അവർ**

**സന്ന ഇർഷാദ് മാട്ടൂ**

**ഹാനിയ സെനം**

ഫോട്ടോഗ്രാഫർ, മാധ്യമപ്രവർത്തക, കലാകാരി തുടങ്ങി വ്യത്യസ്ത വിശേഷണങ്ങൾ അർഹിക്കുന്നു 26കാരിയായ ശ്രീനഗർ സ്വദേശി സന്ന ഇർഷാദ് മാട്ടൂ. കശ്മീരിലെ ശ്മശാനങ്ങളെ പ്രമേയമാക്കി മുംബൈ ബിനാലെ, കൊച്ചി ബിനാലെ തുടങ്ങിയ പ്രമുഖ ബിനാലെകളിൽ സന്ന അവതരിപ്പിച്ച കലാവിഷ്കാരങ്ങൾ ഏറെ ശ്രദ്ധയാകർഷിച്ചിരുന്നു. കശ്മീർ വാല മാഗസിനിലെ ഫോട്ടോഗ്രാഫറും ജേണലിസ്റ്റുമായ സന്ന അൽജസീറ, ന്യൂയോർക് ടൈംസ് തുടങ്ങിയ അന്താരാഷ്ട്ര മാധ്യമങ്ങളിലടക്കം ഫോട്ടോ ഫീച്ചറുകൾ ചെയ്യാറുണ്ട്. വകുപ്പ് 370 റദ്ദാക്കിയ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ വാർത്തവിനിമയ മാർഗങ്ങൾ തടസ്സപ്പെടുത്തിയതിനെ തുടർന്ന് ജനജീവിതം പ്രതിസന്ധിയിലായ കശ്മീരിൽനിന്ന് സന്ന ചിത്രങ്ങൾ പകർത്തി ലോകമാധ്യമങ്ങൾക്ക് അയച്ചുകൊടുക്കുകയും അവ പ്രസിദ്ധീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. കശ്മീരിൻെറ ‘സാധാരണമെന്ന്’ ഇന്ത്യൻ ഗവൺമൻറ് വിശേഷിപ്പിക്കുന്ന അവസ്ഥകളെ ചോദ്യം ചെയ്യുന്നവയായിരുന്നു അവ. ഡിസംബർ 27 മുതൽ 29 വരെ കോഴിക്കോട് കടപ്പുറത്ത് എസ്.ഐ.ഒ സംഘടിപ്പിച്ച ഫെസ്റ്റിവൽ ഓഫ് ഐഡിയാസ് ആൻഡ് റെസിസ്റ്റൻസിൽ മുഖ്യാതിഥിയായിരുന്നു സന്ന ഇർഷാദ് മാട്ടൂ. അവർ സംസാരിക്കുന്നു...



• *കശ്മീരിലെ ഒരു പ്രതിഷേധ സംഗമം, സന്ന പകർത്തിയ ചിത്രം*

**ഇന്ത്യയെക്കുറിച്ച് സംസാരിക്കുമ്പോൾ ആവർത്തിച്ചു കേൾക്കുന്ന വാക്കുകളാണ് കശ്മീർ മുതൽ കന്യാകുമാരി വരെ എന്നത്. ഇന്ത്യൻ ഭരണഘടന അനുവദിച്ചുതരുന്ന വളരെ അടിസ്ഥാനപരമായ അവകാശങ്ങൾ വരെ കഴിഞ്ഞ അഞ്ചുമാസമായി നിഷേധിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാശ്മീരിൽനിന്ന് ആ അവകാശങ്ങളെല്ലാം ആസ്വദിക്കുന്ന കേരളത്തിലേക്ക് വരുമ്പോൾ എന്ത് തോന്നുന്നു?**

• അതെ, അതൊരു വസ്തുതയാണ്. കശ്മീർ എന്നും ഒരു സംഘർഷ മേഖലയാണ്. ഇത്തരത്തിലുള്ള എല്ലാ പക്ഷപാതങ്ങൾക്കും പിന്നിലെ കാരണം അതാണ്. മനുഷ്യാവകാശ ലംഘനം എന്നത് കശ്മീരിൽ ഇന്ന് ഒരു വാർത്തയേ അല്ലാതായിരിക്കുന്നു. അല്ലെങ്കിൽതന്നെ, ഞങ്ങൾ കശ്മീരികൾക്ക് ഇന്ത്യയുമായോ ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനവുമായോ ഞങ്ങളെ താരതമ്യപ്പെടുത്താൻ തോന്നാറില്ല. നീതിനിഷേധങ്ങൾ മാത്രമേ ഇന്ത്യയിൽനിന്ന് കശ്മീരിലേക്ക് കയറ്റിയയക്കാറുള്ളൂ. സംസ്ഥാനങ്ങൾ തമ്മിലുള്ള അന്തരത്തെക്കുറിച്ചാണല്ലോ ചോദ്യം. ആ വ്യത്യാസങ്ങൾ താരതമ്യം ചെയ്യാൻപോലും ഞങ്ങൾക്ക് അനുവാദമില്ല. പുറംലോകവുമായുള്ള എല്ലാ വിനിമയങ്ങളും നിഷേധിക്കുകയാണ് ഇന്ത്യൻ ഭരണകൂടം.

വകുപ്പ് 370ൻെറ വിച്ഛേദനം രാഷ്ട്രീയമോ ഭരണഘടനാപരമോ ആയ പ്രശ്നം എന്നതിലുപരി വലിയ മനുഷ്യാവകാശ ലംഘനംകൂടിയാണ്. കശ്മീരിനോട് ഒരേസമയം ഭരണകൂടത്തിൻെറയും പൊതുസമൂഹത്തിൻെറയും നിലപാടുകൾ തീർത്തും വർഗീയമാണ്. സമാധാനപരമായി സമരം നയിക്കുന്ന കശ്മീരി പൗരന്മാർ തങ്ങളുടെ ദേശത്തിൻെറ പേരിൽ മാത്രമല്ല, മുസ്‍ലിം സ്വത്വത്തിൻെറ പേരിൽകൂടി ക്രൂര പീഡനത്തിനിരയാകുന്നു.

**? തുടർച്ചയായ ഇൻററർനെറ്റ് നിരോധനം ഉണ്ടാക്കിയ പ്രയാസങ്ങൾ ചെറുതല്ല, കശ്മീരികളെ വാട്സ്ആപ്പിൽനിന്ന് ഉന്മൂലനം ചെയ്തിരിക്കുന്നു. കഴിഞ്ഞ അഞ്ചു മാസമായി കശ്മീരിൽനിന്നുള്ള ശബ്ദങ്ങൾ ഒന്നുംതന്നെ ഞങ്ങൾ കേൾക്കുന്നില്ല...?**

• ഞാൻ പറഞ്ഞതുപോലെ ഇത് അടിസ്ഥാന മൗലികാവകാശങ്ങളുടെ ലംഘനമാണ്. അവർ കശ്മീരിനെ ജയിലറകളാക്കിയിരിക്കുന്നു. ഞങ്ങൾ എന്തു ചെയ്യണം എന്തു ചെയ്യരുത് എന്നു പറഞ്ഞ്, അവർ ഞങ്ങളുടെ മേൽ അവകാശം സ്ഥാപിച്ചെടുക്കുകയാണ്.

**? ദേശീയ മാധ്യമങ്ങൾ കാശ്മീരിനെക്കുറിച്ച് ലോകത്തെ അറിയിക്കാൻ മടിക്കുന്നു. സ്വതന്ത്ര മാധ്യമപ്രവർത്തക എന്ന നിലയിൽ എങ്ങനെയാണ് അതിജീവിക്കുന്നത്?**

• നിങ്ങളുടെ സംസ്ഥാനത്ത് എന്താണ് സംഭവിക്കുന്നതെന്ന് നിങ്ങൾക്കുപോലും അറിയാത്ത അവസ്ഥ വരുമ്പോൾ, നിങ്ങൾ സ്വയം പുറത്തിറങ്ങി, വിവരങ്ങൾ അന്വേഷിച്ച് ഡോക്യുമെൻറ് ചെയ്യുകയല്ലാതെ വേറെ വഴിയില്ല. അതാണ് ഞാൻ ചെയ്തത്, ചെയ്തുകൊണ്ടിരിക്കുന്നത്. എന്നാൽ, ഞാൻ ശേഖരിക്കുന്ന വിവരങ്ങൾ പുറംലോകവുമായി ബന്ധിപ്പിക്കുക എന്നത് ഇൻറർനെറ്റ് ഇല്ലാത്ത അവസ്ഥയിൽ വലിയ ബുദ്ധിമുട്ടാണ്. അത്തരം ബുദ്ധിമുട്ടുകൾ മറികടന്ന് അയക്കുന്ന വിവരങ്ങൾ ലോകമറിയുന്നുണ്ടോ ഇല്ലയോ എന്നറിയാതെ, ഒരു പ്രതീക്ഷയുമില്ലാതെയാണ് വീണ്ടും വീണ്ടും കശ്മീർ ജീവിതങ്ങൾ ഞാനുൾപ്പെടെയുള്ളവർ വാർത്തകളാക്കി പുറംലോകത്തേക്ക് അയക്കുന്നത്.

**കശ്മീരി ജനതയുടെ യഥാർഥചിത്രം ലോകത്തെ അറിയിക്കുന്നത് ഇന്ത്യൻ മാധ്യമങ്ങളേക്കാൾ അന്താരാഷ്ട്ര മാധ്യമങ്ങളാണ് എന്ന് കശ്മീരികൾതന്നെ അഭിപ്രായപ്പെട്ടതായി വായിച്ചിട്ടുണ്ട്.**

• ഭരണകൂടം കശ്മീരികളോട് ചെയ്യുന്ന കൊല്ലാക്കൊലകൾ ജനങ്ങളെ അറിയിക്കാൻ ഇന്ത്യൻ മാധ്യമങ്ങൾക്ക് താൽപര്യമില്ല എന്നതാണ് വസ്തുത. അവർ കശ്മീരിൽ ഒരു തരത്തിലുള്ള പ്രശ്നങ്ങളുമില്ല എന്ന തെറ്റായ സന്ദേശം ലോകത്തിന് നൽകിക്കൊണ്ടേയിരിക്കുന്നു.

**വികസനത്തെക്കുറിച്ച് വളരെ തെറ്റായ വാർത്തകളാണ് മാധ്യമങ്ങൾ ബോധപൂർവം പുറത്തുവിടുന്നത്. ഭരണകൂടത്തെ പിന്തുണക്കുന്ന പ്രദേശങ്ങളിൽ മാത്രമാണ് വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത്. ദിനംപ്രതി അവിടത്തെ അവസ്ഥ കൂടുതൽ ദുരിതമാവുകയാണ്**

വകുപ്പ് 370 റദ്ദാക്കിയ ആദ്യ ചില ദിവസങ്ങളിൽ, ജീവൻരക്ഷ മരുന്നുകൾ ലഭ്യമല്ലാത്തതിനാൽ ആളുകൾ മരിച്ചിരുന്നു. എന്നാൽ, ഒരു ദേശീയ മാധ്യമവും ഇതിനെക്കുറിച്ച് സംസാരിച്ചില്ല. കാരണം അവർ പറയാൻ ആഗ്രഹിക്കുന്നതും കാണിക്കാൻ ആഗ്രഹിക്കുന്നതും മാത്രമേ അവർ കാണിക്കുകയും പറയുകയും ചെയ്യുന്നുള്ളൂ. അതുകൊണ്ടുതന്നെയാണ് ഞങ്ങൾ കശ്മീരികൾക്ക് ഞങ്ങൾ ഇന്ത്യയുടെ ഭാഗമാണെന്ന തോന്നൽ വരാത്തത്. കാരവൻ, ദ കിൻറ് തുടങ്ങിയ കുറച്ചു മാധ്യമസ്ഥാപനങ്ങൾ അപവാദങ്ങളാണ്.

**ഇന്ത്യൻ മാധ്യമങ്ങളിൽ കാണുന്ന കശ്മീരും നിങ്ങൾ ജീവിക്കുന്ന കശ്മീരും തമ്മിൽ ഒരുപാട് അന്തരങ്ങളുണ്ടോ?**

• ഒരുപാടുണ്ട്. മുഖ്യധാര മാധ്യമങ്ങൾ കശ്മീരിനെക്കുറിച്ച് ഒന്നുംതന്നെ പറയുന്നില്ല. കഴിഞ്ഞ കുറേ നാളുകളായി കശ്മീരികൾക്ക് സുരക്ഷിതമായും സ്വതന്ത്രമായും ഉപജീവനമാർഗങ്ങൾക്ക് പോകാനാവുന്നില്ല. സമ്പദ്‍രംഗം താറുമാറാണ്. ജോലിയില്ല എവിടെയും. വിഭവങ്ങളുടെ ലഭ്യത വളരെ കുറവാണ്. ആരും അത്തരം കാര്യങ്ങളെക്കുറിച്ച് ആശങ്കപ്പെടുന്നില്ല. ഞങ്ങളുടെ ദുരിതങ്ങൾ അവർക്ക് വാർത്തയല്ല.

വികസനത്തെക്കുറിച്ച് വളരെ തെറ്റായ വാർത്തകളാണ് മാധ്യമങ്ങൾ ബോധപൂർവം പുറത്തുവിടുന്നത്. ഭരണകൂടത്തെ പിന്തുണക്കുന്ന പ്രദേശങ്ങളിൽ മാത്രമാണ് വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങൾ പ്രവർത്തിക്കുന്നത്. അത് മൊത്തം കശ്മീരിൻെറ വികസനമായി ഉയർത്തിക്കാട്ടുന്നു. ദിനംപ്രതി അവിടത്തെ അവസ്ഥ കൂടുതൽ ദുരിതമാവുകയാണ്.

**കശ്മീരിലെ മനുഷ്യാവകാശ ലംഘനങ്ങൾക്കും സൈനികാമിതാധികാരങ്ങൾക്കുമെതിരെ ഒരായുസ്സ് മുഴുവൻ ശബ്ദിച്ച എസ്.എ.ആർ. ഗീലാനി മരിച്ചത് കഴിഞ്ഞ മാസമാണ്. ഗീലാനിയുടെ സംസ്കാര ചടങ്ങിൽ പങ്കെടുത്ത ഒരേയൊരു മാധ്യമപ്രവർത്തക എന്ന നിലയിലുള്ള അനുഭവമെന്തായിരുന്നു?**

• വ്യത്യസ്തമായ ഒരു അനുഭവമായിരുന്നു എന്നെ സംബന്ധിച്ചിടത്തോളമത്. സംശയാസ്പദമായ കാരണങ്ങൾ ഒന്നുമില്ലാത്ത മരണമായിരുന്നിട്ടുകൂടി സർക്കാർ ഡൽഹിയിൽനിന്ന് പോസ്റ്റ്മോർട്ടം ചെയ്യണമെന്ന് നിർബന്ധം പിടിച്ചു. സർക്കാറിൻെറ ഭാഗത്തുനിന്നുള്ള അനീതികളോട് കലഹിച്ചാണ് കുടുംബം മയ്യിത്ത് ഏറ്റുവാങ്ങിയത്. അവർ എന്നോട് സംസാരിക്കാനുള്ള ഒരു മാനസികാവസ്ഥയിൽ ആയിരുന്നില്ല, ഖബറടക്കം പെട്ടെന്ന് നടത്താനുള്ള തിരക്കിലായിരുന്നു. ഞാൻ ഒരു രാത്രി മൊത്തം കാത്തിരുന്നതിനുശേഷം പിറ്റേന്ന് രാവിലെയാണ് കുടുംബാംഗങ്ങളോട് സംസാരിക്കുന്നത്.

**ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഒരു ഭരണകൂടത്തിൻെറ അഭാവം നിങ്ങൾക്ക് അനുഭവപ്പെടുന്നുണ്ടോ?**

• തിരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ ഉണ്ടായിട്ടെന്താണ് സംഭവിച്ചത്? അവരെയും വീട്ടുതടങ്കലിൽ അടക്കുകയല്ലേ ചെയ്തത്. അത്തരം ഭരണകൂടങ്ങൾ ഞങ്ങളെ മുമ്പും നീതിപൂർവം സമീപിച്ചിട്ടില്ല. അതിനാൽ ഞങ്ങൾക്ക് അത്തരം അഭാവങ്ങൾ ഒന്നുംതന്നെ അനുഭവപ്പെടുന്നില്ല.

**കശ്മീരിൻെറ ഭാവിയെക്കുറിച്ച് ആലോചിക്കുമ്പോൾ ശുഭാപ്തി വിശ്വാസമുണ്ടോ?**

• ഒരുപാട് വൈകിപ്പോയി. എന്നാലും ഇപ്പോഴും കശ്മീരിനെയും കശ്മീരി ജനതയേയും നീതിപൂർവം പരിഗണിക്കാൻ, ഞങ്ങളെ കേൾക്കാൻ നിങ്ങൾക്ക് സമയം ബാക്കിയുണ്ട്. ●

കേട്ടറിവിനേക്കാൾ വലുതാണ് കരിംജീരകത്തിന്റെ കരുത്ത്
ആരോഗ്യകാര്യത്തിൽ ഒരൽപം ശ്രദ്ധ കൊടുക്കുന്ന മലയാളിക്ക് കരിംജീരകം ഓയിലിന്റെ ഗുണങ്ങൾ നന്നായറിയാം. ചർമ്മ സംരക്ഷണത്തിലൂടെയും രോഗപ്രതിരോധശേഷിയിലൂടെയും കരിംജീരകം ഓയിൽ ശരീരത്തിന് നൽകുന്ന കരുത്ത് വളരെ വലുതാണ്. ഗുണമേന്മയേറിയതും സംശുദ്ധവുമായ സഫ കരിംജീരകം ഓയിൽ ഉപയോഗിക്കാം ആരോഗ്യമുള്ള ശരീരത്തെ കൂടെ നിർത്താം
Safa™
www.safahoney.com
കരിംജീരകം ഓയിലിന്റെ ഗുണങ്ങൾ
• ശരീര ഭാരം നിയന്ത്രിക്കുന്നു
• ചർമ്മ കോശങ്ങളെ മെച്ചപ്പെടുത്തുന്നു
• കാൻസർ, ഡയബറ്റിസ് രോഗികൾക്ക് അത്യുത്തമം
• രോഗപ്രതിരോധ ശേഷി ഉയർത്തുന്നു
FOR TRADE ENQUIRY:
91 08 08 33 33
sales@safahoney.com
ALSO AVAILABLE ON
amazon & Flipkart
# 19/2, Mango Garden Layout, Kanakapura Road, Bangalore. INDIA



പാട്ടോരം

"മനസ്സിൻെറ തീർഥയാത്ര എന്ന സിനിമയിൽ ഒ.എൻ.വി-എം.ബി.എസ് സമാഗമത്തിലുണ്ടായ 'നടന്നും നടന്നേറെ തളർന്നും' എന്ന് തുടങ്ങുന്ന ഗാനത്തിൽ ജീവിതത്തിൻെറ ഇരുളിമയും തെളിമയും ഒരുപോലെ പ്രത്യക്ഷമാകുന്നത് കാണാം

# നിശ്വാസാർദ്ര ദളങ്ങൾ

**ഡോ. എം.ബി. മനോജ്**

ജീവിതസാകല്യം അതിൻെറ ഭാവഗീതാത്മകതയിൽ ഉദാത്തമാക്കുന്നത് ഒ.എൻ.വിയുടെ പാട്ടുകൾ കേൾക്കുമ്പോഴാണ്. പ്രകൃതിയുമായുള്ള രഞ്ജിപ്പിൻെറ സാരള്യത്തിലാണ് കവി പാട്ടുകളിൽ ജീവിതത്തെ കാണിച്ചുതരുന്നത്. മനസ്സിൻെറ തീർഥയാത്ര എന്ന സിനിമയിൽ ഒ.എൻ.വി-എം.ബി.എസ് സമാഗമത്തിലുണ്ടായ 'നടന്നും നടന്നേറെ തളർന്നും' എന്ന് തുടങ്ങുന്ന ഗാനത്തിൽ ജീവിതത്തിൻെറ അരുണിമയും ഇരുളിമയും തെളിമയും ഒരുപോലെ പ്രത്യക്ഷമാകുന്നത് കൗതുകമുണർത്തുന്നു. ജീവിതത്തിന് പ്രകൃതിയുമായി ഉണ്ടാകുന്ന അതിധന്യമായ വൈകാരിക ലയംതന്നെയാണ് ഈ പാട്ടിനെ വേറിട്ടുനിർത്തുന്നത്. കാലം എന്ന മഹാപ്രയാണം ഈ പാട്ടിൽ പ്രധാനമാകുന്നു. ജീവിതദീപ്തിയിലാണ് ഒ.എൻ.വിയുടെ തൂലിക മാന്ത്രികത്വം സൃഷ്ടിക്കുന്നത്. സമയം എന്ന മാധ്യമത്തിലൂടെ യഥേഷ്ടം മുന്നോട്ടും പിന്നോട്ടും സഞ്ചരിക്കുന്ന ഒരു മനസ്സ് ഈ പാട്ടിലുണ്ട്. ജീവിതത്തിനുമേൽ കാലത്തിനുള്ള നിയന്ത്രണത്തെ കുറിച്ച് ബോധവാനായ കവി, ക്രമാനുഗതമായ ഒരു പുരോഗമന ഗാഥയെ ഒരുനിമിഷം ഓർക്കുകയാണ്. ദൈർഘ്യമേറിയതും സങ്കീർണവുമായ മനുഷ്യായനങ്ങളിലെ വഴിത്തിരിവുകൾ ഒ.എൻ.വി കുറിച്ചിട്ടത് ഈ പാട്ടിലായിരുന്നു എന്നത് വ്യക്തമാണ്. പ്രപഞ്ചത്തിൽ നിലീനമായി ഭവിച്ച ഇടങ്ങളെയും ജൈവസ്പന്ദനങ്ങളെയും മനോഹരമായി ആവിഷ്കരിക്കുകയായിരുന്നു കവി ഈ പാട്ടിൽ.

നടന്നും നടന്നേറെ തളർന്നും
തളർന്നു തെല്ലിരുന്നും
ഇരുന്നിളവേൽക്കവേ ഒരു സ്വപ്നം നുണഞ്ഞും
ഒരു കിളിയൊച്ച കേട്ടുണർന്നും
വീണുടഞ്ഞ മയക്കത്തിൻ വർണപ്പൊട്ടുകൾ
വാരിയെറിഞ്ഞും സുഖദുഃഖ പുണ്യപാപങ്ങൾ
നീളെ വിരിഞ്ഞുനിൽക്കും, നീണ്ടവഴികൾ പദങ്ങളാലളന്നും
നിശ്വാസാർദ്ര ദളങ്ങൾ വിടർന്ന് ഞെട്ടടർന്നും

എന്നിങ്ങനെ തുടരുന്ന വിരുത്തം അവസാനിക്കുന്നത് ഇങ്ങനെയാണ്

എന്തോ തേടി തേടാതെ
എന്തോ തേടി നേടാതെ
എന്തോ കണ്ടു കാണാതെ
എന്തോ പാടി പാടാതെ
നടന്നുപോം ഈ യാത്ര അനന്തമോ?

വിഷാദത്തിൻെറ കൈവഴികൾ ഈ പാട്ടിൽ നമ്മെ തഴുകുകയും മാറിവരുന്ന ജീവിതഋതുക്കളുടെ നിഴൽ വെളിച്ചങ്ങൾ നാം അനുഭവിക്കുകയും ചെയ്യുന്നു. 'ഒരു കിളിയൊച്ച കേട്ടുണർന്നും' എന്ന വരിയിൽ ഒരു സചേതനത്വത്തിൻെറ സമ്മോഹനങ്ങൾ തുടിച്ചുനിൽക്കുന്നുണ്ട്. ആ കിളിയൊച്ചയിലെ പഞ്ചമങ്ങൾ ഒരുണർച്ചയുടെ സഞ്ജീവന മന്ത്രത്തെ ഓർമിപ്പിക്കുന്നു. മൗനത്തിൽനിന്ന് ഉണരുന്ന മന്ത്രമാണ് ജീവിതമെന്ന അഭിരാമമാക്കുന്നു കവി. ഉണർച്ചയും തളർച്ചയും ജീവിതത്തിൻെറ ഇരു ധ്രുവങ്ങളായിത്തീരുന്നു. ജീവിത കളിയരങ്ങുകൾ, ഇളവേൽക്കാനുള്ള ഇടങ്ങൾ, നീണ്ടവഴികൾ, കലാവിസ്തൃതികൾ, നിസ്സീമതകൾ, ക്ഷണികതകൾ, കാലവിസ്തൃതികൾ, സുഖദുഃഖ പുണ്യപാപങ്ങൾ, നിരർഥകങ്ങൾ ഇങ്ങനെ എത്രയെത്ര ശിഖരങ്ങളാണ് ഈ പാട്ടിന്. ജീവിതത്തിൻെറ ദീപ്തമായ പുനർജനി കണക്കെ കിളിയൊച്ചയും ഇരുന്നിളവേൽക്കലും സ്വപ്നം നുണയലും സാന്ത്വനഗീതവുമെല്ലാം നൽകുന്ന സ്വാസ്ഥ്യലയങ്ങൾ പാട്ടിലുടനീളമുണ്ട്. ഭൂമിയിലെ പഥങ്ങൾ മനുഷ്യൻെറ പാദമുദ്രകൾക്ക് വിധേയമാകുന്നതിനെ കുറിച്ച് പറയുന്നത് കാലപ്രയാണത്തിൻെറ അനിവാര്യതകളെ ഓർമിപ്പിക്കാൻ ആകാം (നീണ്ട വഴികൾ പദങ്ങളാൽ അളക്കും). ഇങ്ങനെ നടക്കലും തളരലും തെല്ലിരിക്കലും ഇരുന്നിളവേൽക്കലും സ്വപ്നം നുണയലും ഉണരലും വാരി എറിയലും വിടരലും അടരലും അളക്കലും... ഇങ്ങനെ എന്തുമാത്രം പ്രക്രിയകളാണ് ജീവിതമെന്ന അനന്തയാത്രയിൽ ഉള്ളത്. തേടിയിട്ട് തേടാതെയും നേടിയിട്ട് നേടാതെ യും കണ്ടിട്ട് കാണാതെയും ഒക്കെയാണ് ജീവിതം പുലരുന്നത്. അല്ലെങ്കിൽ എന്തൊക്കെയോ തോന്നലുകൾ മാത്രമല്ലേ ഈ ജീവിതം. ഇങ്ങനെ നിരവധി ആശയങ്ങളാണ് കവി ഈ പാട്ടിൻെറ വിരുത്തത്തിൽ സമന്വയിപ്പിക്കുന്നത്. ജീവിതയാത്രയുടെ സൗന്ദര്യക്രമങ്ങളെ ഒ.എൻ.വി ഈ പാട്ടിൽ വരച്ചിട്ടത് ഇങ്ങനെയായിരുന്നു. ജീവിതത്തിന് ജാഗരവിനായികൾ (ടാഗോറിൻെറ പ്രയോഗം) അവിടെ അരുണിമ നഷ്ടമാകാതെ ഈ പാട്ടിൽ നിറഞ്ഞുകിടക്കുന്നു. അങ്ങനെ ജീവിതദർശനങ്ങളെ ഒരു പാട്ടിൻെറ ആത്മാവിലേക്ക് ഭാവഗീതാത്മകമായി കേന്ദ്രീകരിക്കുകയായിരുന്നു ഒ.എൻ.വി.

പല്ലവിയിലും അനുപല്ലവിയിലും ഉപയോഗിച്ചിട്ടുള്ള മൂന്നു വാക്കുകളിൽ ജീവിതത്തിൻെറ സ്ഥായി തിരിച്ചറിയുന്നുണ്ട് കവി. വിഷാദം, അനാഥം, ദിനാന്തം എന്നിങ്ങനെയുള്ള ഈ വാക്കുകളിലായിരുന്നു സംഗീതജ്ഞൻ എം.ബി. ശ്രീനിവാസൻെറ മൗന സംഗീതത്തിൻെറ അഭിജാതമായ പ്രയുക്തതകൾ സംയോജിപ്പിച്ച് ഉണ്ടാവുക. പാട്ടിൻെറ വിരുത്തത്തിൽ സാമൂഹികതയെയും പിന്നീട് അനുപല്ലവിയിലും ചരണത്തിലും ഏകാന്ത വിഷാദത്തെയുമാണ് കവി പറഞ്ഞുവെച്ചത്. അതിനോട് ചേർന്നുനിൽക്കുന്ന ഒരു ഈണത്തിൻെറ ലയഭംഗി പാട്ടിൽ കൊണ്ടുവരുകയായിരുന്നു എം.ബി.എസ്. ദാർശനികമായ ഒരു പല്ലവിയിൽ നിന്ന് പാട്ടിൻെറ പടർച്ചകൾ ഭാവഗീതത്തിൻെറ ആത്മാവ് തേടിയായിരുന്നു. വിരുത്തത്തിൻെറ ദാർശനികതക്കപ്പുറം അനുപല്ലവിയിലെയും പല്ലവിയിലെയും സംഗീതംകൊണ്ട് വ്യത്യസ്ത മാനങ്ങൾ തീർക്കുകയായിരുന്നു അദ്ദേഹം. ഈ പാട്ടിലും ഏറ്റവും മുന്തിയ മൗനമുഹൂർത്തങ്ങളെ എം.ബി.എസ് തൻെറ സംഗീതംകൊണ്ട് വ്യാഖ്യാനിച്ചു. രാഗമാലികയുടെ ഘടനയിൽ തീർത്ത ഗാനത്തിൽ ഭൈരവിയും ആനന്ദഭൈരവിയും കൈകോർത്തുനിന്നു. പാട്ടിൻെറ പല്ലവിക്കുമുമ്പ് വിന്യസിച്ചിട്ടുള്ള ഫ്ലൂട്ടിൻെറ ത്രിസ്ഥായികൾ ശ്രദ്ധേയമാകുന്നു. ഫ്ലൂട്ടിൻെറ താരസ്ഥായി അവസാനിക്കുന്നിടത്തുനിന്ന് തുടങ്ങുകയാണ് തബലയുടെ നടകൾ. വിരുത്തത്തിലെ മൗനത്തിൻെറ ഇടങ്ങൾ ഫ്ലൂട്ടിലും മൊഴിയുടെയും മന്ത്രത്തിൻെറയും ഇടങ്ങൾ തബലയിലുമാണ്ആവിഷ്കരിക്കപ്പെട്ടത്. പാട്ടിലെ വാക്കുകളിൽ സംഗീതം പ്രയോഗിക്കുന്നതിലെ കരുതൽ അത്രത്തോളം ഉണ്ടായിരുന്നു എം.ബി.എസിന്. 'നീണ്ട വഴികൾ' എന്ന വരിയിലും 'നിശ്വാസാർദ്ര ദളങ്ങൾ' എന്ന വരിയിലുമൊക്കെ ആ കരുതലിൻെറ കനൽ അണയാതെ കിടക്കുന്നുണ്ട്. എന്തോ തേടി തേടാതെ എന്ന വരിയിലെ 'എന്തോ' ഹ്രസ്വമാകുകയും മൂന്നാമത്തെ വരിയിലെ എന്തോ തേടി തേടാതെ എന്ന വരിയിലെ 'എന്തോ' എന്ന തുടക്കം ദീർഘമാക്കുകയും ഒക്കെ ചെയ്യുന്നതിലെ സംഗീതാവിഷ്കാര യുക്തികൾ എം.ബി.എസ് ഈ പാട്ടിൽ കൊണ്ടുവരുന്നു. വിരുത്തത്തിൽ ഓരോ വാക്കിനെയും ചൊടിപ്പിച്ചുകൊണ്ടാണ് എം.ബി.എസിൻെറ ഈണം മുന്നേറുന്നത്. 'നൊന്തുപിടഞ്ഞൊരു കിളിയുടെ' എന്ന വരിയിലെ നോവ് പാട്ടിൽ മുഴുവനായി നിറയുന്നു. നഷ്ടസ്മൃതികൾ ഉണർത്തുന്ന ഒരു ഗാനം പോലുമാകുന്നുണ്ടിത്. കല ജീവിതത്തിന് കാതങ്ങൾക്കപ്പുറം വർത്തിക്കുന്നതാണെന്ന് ഓസ്കർ വൈൽഡ്. അങ്ങനെ പറയുമ്പോൾ ഈ ഗാനം ജീവിതകലയെ ആവിഷ്കരിക്കുന്ന മനോജ്ഞമായ മറ്റൊരു മാതൃകയാവുകയാണ്. ●



• ഒ.എൻ.വി. കുറുപ്പ്



• എം.ബി. ശ്രീനിവാസൻ

**ജീവിതദർശനങ്ങളെ പാട്ടിൻെറ ആത്മാവിലേക്ക് ഭാവഗീതാത്മകമായി കവി കേന്ദ്രീകരിച്ചപ്പോൾ അതിനോട് ചേർന്ന ഒരു ഈണത്തിൻെറ ലയഭംഗി പാട്ടിൽ കൊണ്ടുവരുകയായിരുന്നു സംഗീതസംവിധായകൻ**

കത്തുകൾ




## നിത്യമായിത്തീരട്ടെ ആ ഗന്ധർവ ജന്മം

ഗാനഗന്ധർവൻ കെ.ജെ. യേശുദാസിനെക്കുറിച്ച് ലക്കം 1646 വാരാദ്യമാധ്യമത്തിൽ വിനോദ് കൃഷ്ണൻ എഴുതിയ 'കാലത്തിൻെറ ഗാനോത്സവം' വായിച്ചു. അകന്നുപോകരുത്, സർഗചൈതന്യം കെട്ടുപോകരുത് എന്നു നാം ചിലപ്പോഴെങ്കിലും ചിലരെക്കുറിച്ച് ചിന്തിച്ചു പോവുക സ്വാഭാവികം. ജഗദീശ്വരൻ വിണ്ണിൽനിന്നു മണ്ണിലേക്ക് വന്നു മലയാളികൾക്ക് നൽകിയ അനർഘ നിധിയാണ് ഗാനഗന്ധർവൻ കെ.ജെ. യേശുദാസ്.

സംഗീത ഗവേഷകൻ രവി മേനോൻ അതിശയരാഗം എന്ന പുസ്തകത്തിൽ യേശുദാസിൻെറ ആദ്യ ഗാനത്തിൻെറ പിറവിയെക്കുറിച്ചും പ്രസ്തുത ഗാനത്തിൻെറ മുന്നൊരുക്കത്തെക്കുറിച്ചും വിവരിക്കുന്നുണ്ട്. പാടിയ പാട്ടുകളുടെ എണ്ണമോ വണ്ണമോ എത്രയുണ്ട് എന്നതല്ല, ഒരു ഗായകൻ എന്നതിലുപരി ആ സ്വര സാന്നിധ്യം രോഗാതുരമായ നമ്മുടെ മണ്ണിനെയും മനസ്സിനെയും എത്രകണ്ട് ഉർവരമാക്കുന്നു എന്നതിലാണ് കാര്യം.

നമ്മുടെ ആത്മനൊമ്പരങ്ങൾക്ക് ഉപശാന്തിയേകുന്ന അപൂർവ ജന്മം. നമ്മുടെ കെട്ട കാലത്തിൻെറ ദുർഗന്ധം മാറ്റുന്ന ചന്ദനലേപ സുഗന്ധമാണ് ആ ഗന്ധർവസ്വര സാമീപ്യം. ആ സ്വര സാമീപ്യം ആഗ്രഹിക്കാത്ത സഹൃദയർ ഉണ്ടാകുമോ? നിറതിരിയിട്ട നിലവിളക്കുപോലെ, കാർമേഘ പാളികൾക്കിടയിലൂടെ മിഴി തുറന്നെത്തിനോക്കുന്ന നക്ഷത്രവെളിച്ചം പോലെ നിത്യമായിത്തീരട്ടെ ആ ഗന്ധർവ ജന്മം, ആ സ്വരധാര. 80 വയസ്സ് തികയുന്ന കെ.ജെ. യേശുദാസിന് എല്ലാ ഭാവുകങ്ങളും നേരുന്നു. പ്രശസ്തിയുടെ രാജവീഥിയിലേക്ക് നടന്നെത്താൻ യേശുദാസിനെ സഹായിച്ച രാമൻ നമ്പിയത്തിനെ വിസ്മരിക്കുക വയ്യ. വാരാദ്യമാധ്യമത്തിനും അഭിനന്ദനങ്ങൾ.

• *രമേഷ് ബാബു സി.എം. ചെറിയമങ്ങാട്*

## മാനാഞ്ചിറ ആവർത്തിക്കട്ടെ

വാരാദ്യ മാധ്യമം ലക്കം 1646ൽ മലയാളത്തിൻെറ പ്രിയ കഥാകാരി രേഖ കെയുമായി വി.വി. ശ്രീജിത്ത് നടത്തിയ സംഭാഷണം ഏറെ ഹൃദ്യമായി. എഴുത്തിനും കൃതികൾക്കും അപ്പുറം തൻെറ ഉറച്ച ബോധ്യങ്ങളും നിലപാടുകളും അവർ തുറന്നു പറയുന്നു. ഇനിയും 'മാനാഞ്ചിറ' പോലുള്ള ഉൾക്കാമ്പുള്ള കഥകൾ രേഖ കെ.യുടെ തൂലികയിലൂടെ പുറത്തുവരട്ടെ എന്നാശംസിക്കുന്നു.

• *എ. അഹമ്മദ്, കോഡൂർ, മലപ്പുറം*

## അശ്രഫ് ആഡൂര് കഥാപുരസ്കാരം

കഥാകൃത്ത് അശ്രഫ് ആഡൂരിൻെറ സ്മരണാർഥം സൗഹൃദക്കൂട്ടായ്മ ഏർപ്പെടുത്തിയ പ്രഥമ അശ്രഫ് ആഡൂര് കഥാപുരസ്കാരത്തിന് സൃഷ്ടികൾ ക്ഷണിക്കുന്നു. 25,001 രൂപയും പ്രശസ്തി പത്രവും ഫലകവുമടങ്ങുന്ന പുരസ്കാരം പ്രസിദ്ധീകരിക്കാത്ത ഒറ്റക്കഥക്കാണ് നൽകുന്നത്. പ്രായപരിധിയില്ല. സൃഷ്ടികൾ ലഭിക്കേണ്ട അവസാന തീയതി ഫെബ്രുവരി 15. വിലാസം: കൺവീനർ, അശ്രഫ് ആഡൂര് പുരസ്കാര സമിതി, പി.ഒ ചിറക്കൽ, കണ്ണൂർ, പിൻ 670011, ഫോൺ: 9995597185.

വായന

# ഉണർവുകളിലേക്ക് കണ്ണുതുറക്കുന്ന **കവിതകൾ**

"തൻെറ സർഗവൈഭവത്തെ പൊറുക്കാനാവാത്ത നീതികേടുകൾക്കെതിരെയുള്ള ആയുധമായി ഉപയോഗിക്കാനാണ് കവി ശ്രമിക്കുന്നത്. അതിന് വളച്ചുകെട്ടലിൻെറ ഭാഷയല്ല ധ്വനിസാന്ദ്രമായോ ദുർഗ്രഹമായോ ഉള്ള രീതികളല്ല

**ഷാബു കിളിത്തട്ടിൽ**

പാരമ്പര്യ കവിതാരീതികളിൽനിന്ന് കുതറിമാറി നാം ജീവിക്കുന്ന കാലത്തിൻെറ നീതികേടുകളും അവഗണനകളും പ്രശ്നങ്ങളും തൻേറതുകൂടിയാണെന്ന ബോധ്യത്തിൽ മുഴക്കമുള്ള വരികളിലൂടെ നൈതികമായ പ്രതിരോധം തീർക്കുന്ന കവിയാണ് പി. ശിവപ്രസാദ്.


തന്നെ സംബന്ധിച്ച് കവിതകളും അവയിൽ അടക്കം ചെയ്യപ്പെട്ട ചിന്തകളും വികാരങ്ങളും എല്ലാം രാജപാത ഉപേക്ഷിച്ച വാക്കുകളുടെ സഞ്ചാരമാണെന്ന് പ്രഖ്യാപിക്കുന്ന കവി അവയുടെ സ്വതന്ത്രസഞ്ചാരത്തെ നിരുപാധികം അംഗീകരിക്കുകയും ചെയ്യുന്നു. പി. ശിവപ്രസാദിൻെറ രണ്ടാമത്തെ കവിതാസമാഹാരമാണ് 'മരിക്കാത്ത കോശങ്ങളുടെ സംഗീതം'. ഇതേ പേരിലുള്ള കവിതയടക്കം 31 കവിതകളുടെ സമാഹാരം. ഈ കവിതകളെക്കുറിച്ചുള്ള പഠനത്തിൽ കവി രാജേഷ് ചിത്തിര എഴുതിയതുപോലെ, ജാഗ്രതയുടെ അടയാളങ്ങളാണ് ഓരോ കവിതയും.

കവിത എന്ന സാഹിത്യരൂപം രാഷ്ട്രീയ ജാഗ്രതക്കും മാനവികതയുടെ നിലനിൽപിനുംവേണ്ടിയുള്ള ഒരു ആയുധമായി നിലനിൽക്കേണ്ടതിൻെറ ആവശ്യകതയെ ഓർമിപ്പിക്കുന്നുണ്ട് ഈ കവിതകൾ. തൻെറ ചുറ്റിനും നടക്കുന്ന പ്രശ്നങ്ങളിലെല്ലാം നീറിപ്പുളയുന്ന ഒരു മനസ്സുണ്ട് ഈ കവിക്ക്. പ്രാദേശികതലത്തിൽ പരിസ്ഥിതി പ്രശ്നങ്ങളെ മുൻനിർത്തി നടക്കുന്ന സമരങ്ങൾ മുതൽ അധിനിവേശത്തിനെതിരെയും ദേശീയ-അന്തർദേശീയ തലത്തിൽ നടക്കുന്ന സമരങ്ങൾ വരെയും അറിവായും അനുഭവമായും കവിയുടെ മുന്നിലുണ്ട്.

ഇവക്കെല്ലാം പുറമേ ജാതിയും മതവും വിശ്വാസസംരക്ഷണവും ആചാരലംഘനവും തുടങ്ങി ജീവിതത്തിൻെറ വിവിധ തലങ്ങളെ സ്പർശിക്കുന്ന എണ്ണമറ്റ പ്രശ്നങ്ങളിൽ കവി ഇടപെടുന്നുണ്ട്. ചുരുക്കത്തിൽ, ബാഹ്യജീവിതത്തിലെ ഇത്തരം അനുഭവങ്ങളൊന്നും ബാധിക്കാത്തവിധത്തിൽ ഏതോ ഒറ്റപ്പെട്ട തുരുത്തിൽ ജീവിക്കുന്ന മനുഷ്യനല്ല താനെന്ന് കവി അടിവരയിട്ട് പറയുന്നു.

കുരീപ്പുഴ ശ്രീകുമാർ എഴുതുന്നു:

"ആകാശവീക്ഷണത്തിനു പകരം ശിവപ്രസാദിൻെറ ഉൾവഴികളിലൂടെ സഞ്ചരിച്ചാലോ, സൂക്ഷിച്ച് നടക്കണം, ഉറഞ്ഞുകൂടിയ ദുഃഖത്തിൻെറ ശിലാഗ്രങ്ങളുണ്ട്. കണ്ണീർക്കടലുകൾ തീർക്കുന്ന ശൈലി ഈ കവിക്കില്ല. പകരം ഘനീഭവിച്ച കണ്ണീർത്തുരുത്തുകൾ കവിതയിലുണ്ട്. നിലവിളിയുടെ വൻ കടലുകൾ ഇല്ല. കട്ടപിടിച്ച മനുഷ്യരോദനത്തിൻെറ പവിഴപ്പുറ്റുകൾ ഉണ്ട്."



**മരിക്കാത്ത കോശങ്ങളുടെ സംഗീതം**
പി. ശിവപ്രസാദ്
പേജ്:104, വില: 120 രൂപ
പ്രസാധനം: ലോഗോസ

എന്താണ് തനിക്ക് കവിത എന്ന് പ്രഖ്യാപിക്കുന്ന രണ്ടു കവിതകൾ ശിവപ്രസാദ് ഈ സമാഹാരത്തിൽ ചേർത്തിട്ടുണ്ട്.

"കവിത തേൻകുടമല്ല കാതിലേക്കിറ്റിച്ചുതരുമെന്ന് കരുതി നീ കാത്തിരിക്കേണ്ട.
കവിത കരിവണ്ടല്ല, താമരക്കുള്ളിലെ തരളതയിൽ വീണുറങ്ങാറുമില്ല.
കവിത ദേശസ്നേഹ ദുന്ദുഭിയിലുണരുന്ന
കപടബോധ്യത്തിൽ ചിരിക്കുന്ന ബുദ്ധനല്ല
പിന്നെയോ.
കവിതയിൽ മുലയറ്റപെണ്ണുങ്ങൾ വന്നുനിന്നലറും
തലയറ്റ തെയ്യങ്ങൾ കൈകോർത്തുനിറയും
മരവിച്ച കുഞ്ഞുങ്ങൾ ശൂലമുനയിൽ നൃത്തമാടും.
കാറ്റിൻെറ ചിറകുകളിൽ മാനവവേദം തളിർക്കും
കവിത, യൊറ്റ ചിലമ്പൂരിയെറിഞ്ഞേത് ദുഷ്ടാധികാരിയെയും പച്ച വിറകാക്കി
പത്തനങ്ങൾ കത്തിയെരിക്കുമഗ്നിനക്ഷത്രം.

ചാരുകസേരയിൽ അലസമായിരുന്ന് വായിക്കാവുന്ന ശുദ്ധ സൗന്ദര്യാത്മക രചനകളല്ല തൻേറതെന്ന് കവി സ്പഷ്ടമായി പറയുന്നു. ഗൃഹാതുരമോ മധുരവിഷാദമോ ആയതൊന്നും പ്രതീക്ഷിച്ച് ഈ കവിതകളിലേക്ക് കടക്കരുത്. സമാഹാരത്തിലെ ആദ്യ കവിതയായ 'കവികളുടെ പ്രകടനപത്രിക'യിൽ ചില കൂട്ടുകാർ ചോദിക്കുന്നുണ്ട് സമൂഹവൈദ്യന്മാരുടെ വേഷത്തിൽ എന്തേ ഇരുവട്ടം നായകനെപ്പറ്റി, അവൻെറ ഖരഭാഷയുടെ ഗരിമയെപ്പറ്റി ഓണത്തെ പെരുന്നാളിനെ, മലയേറ്റത്തെ പൂക്കളെ, പുണ്യശരീരരെ, പ്രണയത്തെ, മറവിയെ, മഞ്ഞുവീഴ്ചയെ, മരണത്തെ, അന്യഗ്രഹ സഞ്ചാരങ്ങളെയൊക്കെപ്പറ്റി എന്തേ കവിതയെഴുതുന്നില്ല?

ക്ഷമിക്കണം കൂട്ടുകാരേ, 'ഞങ്ങളുടെ ഇടറുന്ന അക്ഷരമോരോന്നും പിതാക്കളുടെ അസ്ഥിയിൽ മുളപൊട്ടി അമ്മമാരുടെ കണ്ണീരിൽ ഇലവിരിഞ്ഞ് തീവിഴുങ്ങിപ്പക്ഷിയുടെ അകമേ സഞ്ചരിച്ച് ശൂന്യസ്ഥലികളിൽ അടയിരുന്ന് കൊത്തിയുടക്കാതെ വിരിഞ്ഞ് ചിറകും തൂവലും മുളച്ച പറവകളാണ്.

അങ്ങനെ അതിരുകളില്ലാത്ത ദേശത്ത് സ്വതന്ത്ര സഞ്ചാരം നടത്തുന്ന പറവകളാണ് തൻെറ കവിതകളെന്നു പി. ശിവപ്രസാദ് വ്യക്തമാക്കുന്നു. തൻെറ സർഗവൈഭവത്തെ പൊറുക്കാനാവാത്ത നീതികേടുകൾക്കെതിരെയുള്ള ആയുധമായി ഉപയോഗിക്കാനാണ് കവി ശ്രമിക്കുന്നത്. അതിന് വളച്ചുകെട്ടലിൻെറ ഭാഷയല്ല ധ്വനിസാന്ദ്രമായോ ദുർഗ്രഹമായോ ഉള്ള രീതികളല്ല.

'മരിക്കാത്ത കോശങ്ങളുടെ സംഗീതം' എന്ന കവിതയിൽ കവിയുടെ രാഷ്ട്രീയ ജാഗ്രതയുടെയും ജനാധിപത്യബോധ്യത്തിൻെറയും ആത്മാർഥത തെളിഞ്ഞു കാണാം.

മരിക്കാത്ത കോശങ്ങളുടെ സംഗീതം ഏകാന്തമായ ആലാപനത്താൽ തീമഴപോലെ പെയ്തിറങ്ങും.
അപ്പോൾ വ്യാളീമുഖങ്ങളുള്ള സിംഹാസനങ്ങളുടെ
മൂലക്കല്ലുകൾ ഒന്നാകെ ഇളകും.
മനുഷ്യൻെറ ആത്മബോധത്തിലെ
പുരോവെട്ടത്തിനപ്പുറം കതിരിടുന്ന യാതൊന്നുമില്ലെന്ന് തിരിച്ചറിവുണ്ടാകും.
അപ്പോഴും നീ പ്രതിജ്ഞയോടെ ജനാധിപത്യവേദത്തിൻെറ
കാവലായി യന്ത്രജീവിതത്തിൻെറ പൽചക്രങ്ങളിൽ സ്വയം അരഞ്ഞുകൊണ്ടെങ്കിലും
ഉലയിലെ ചുട്ടുപഴുത്ത ഇരുമ്പുതൂണിനെ
ആവർത്തിച്ച് പ്രഹരിച്ചുകൊണ്ടേയിരിക്കും.

വാക്കുകളെ വളരെ കരുതലോടെയും ചരിത്രത്തിലേക്കും ദർശനത്തിലേക്കും മനുഷ്യപ്രകൃതത്തെക്കുറിച്ചുള്ള സൂക്ഷ്മനിരീക്ഷണത്തിലേക്കും ചെന്നെത്തുംവിധം അർഥസാന്ദ്രമായി പി. ശിവപ്രസാദ് ഉപയോഗിക്കുന്നു.

സമാഹാരത്തിന് ആമുഖമെഴുതി കവി സച്ചിദാനന്ദൻ പറയുന്നു: പി. ശിവപ്രസാദിൻെറ കവിതകൾ ബിംബങ്ങളുടെ മൗലികതയും സാമൂഹികമായ ഊർജവും നൈതികമായ പ്രതിരോധവും കൊണ്ട് സമ്പന്നമാണ്. പുരോചനൻ, ഉമ്മയും ജാസ്മിനും ഒരു സത്യകഥ തുടങ്ങിയ കവിതകളിൽ നമ്മുടെ ക്രൂരകാലം അതിൻെറ എല്ലാ നിർദയത്തോടും വ്യസനത്തോടും വൈരുധ്യത്തോടും കൂടി ആവിഷ്കാരം കണ്ടെത്തുന്നു. പ്രത്യക്ഷരാഷ്ട്രീയം വിഷയമാകുന്ന കവിതകൾ മുതൽ പ്രകൃതി വിഷയമായി മാറുന്ന കവിതകൾ വരെ ഈ സമാഹാരത്തിലുണ്ട്. ഓർമകളുടെ തടാകം എന്ന കവിത കവിയുടെ ജന്മദേശമായ കൊല്ലത്തെ ശാസ്താംകോട്ട കായലിനെക്കുറിച്ചാണ്.

"മണലൂറ്റും മറുതകളെ
മലതോണ്ടും പരിഷകളെ
ചുടലത്തീപിടികൂടും നിങ്ങളെയെല്ലാം
മണ്ണിത് പാഴ് മരുഭൂവായ് തീരുംമുമ്പേ
മരണക്കളി വിളയാട്ടം നിർത്തൂ നിങ്ങൾ"


ഇങ്ങനെ ചുരുക്കം വാക്കുകളിൽ സുതാര്യമായൊരു പ്രസ്താവത്തിൻെറ രൂപത്തിൽ കവി ജീവിച്ചിരിക്കുന്ന കാലഘട്ടത്തിലെ വൈരുധ്യങ്ങളെയും നീതികേടുകളെയും ചൂഷണത്തെയും അവഗണനകളെയുമെല്ലാം സംഗ്രഹിച്ചവതരിപ്പിക്കുന്നുണ്ട്. നിലപാടുകളിൽ ആർജവവും പ്രമേയങ്ങളിൽ വൈരുധ്യവും അവയുടെ പരിചരണങ്ങളിൽ പുതുവഴികളുമുണ്ട് ഈ കവിതകളിൽ.

"കവിതയാൾക്കൂട്ടത്തിൽ ഒറ്റയാകുമ്പോഴും
തിങ്ങുമേകാന്തത്തിലായിരം നാവോടെ സ്വന്തം നിലത്തിലെ
മണ്ണിരക്കും തകര നാമ്പിനും എല്ലാ ചെറുതിനും വേണ്ടിയവിശ്രമം നീറും മനസ്സ്"

എന്ന് കവി എഴുതുന്നുണ്ട്. ഈ നീറ്റൽ സമകാലിക മലയാളകവിതയിൽ കൂടുതൽ മുഴക്കമുള്ള സ്വരം പ്രാപിക്കാൻ കവിയെ പ്രാപ്തനാക്കുന്നു. അത് വായനക്കാരനെ പുതിയ ഉയരങ്ങളിലേക്ക് കണ്ണുതുറക്കാൻ പ്രേരിപ്പിക്കുന്നു. ●

## കഥ

# ഹാജിപ്പ



**ജമാൽ ഫാറൂഖി**

മൊയ്തീൻ പള്ളിലെ മുക്ക്റി മൊഹമ്മദിന് ഒരന്തവും കിട്ടുന്നില്ല. ആരോട് ചോയ്ച്ചിട്ടും ആരെക്കണ്ടിട്ടും സമാധാനള്ള വർത്താനം കിട്ട്ണില്ല. ചായപ്പീട്യേലും പള്ളിക്കൊളക്കരീലും ഈ വർത്താനണ്ട്. എല്ലാരും ഒരേ ബേജാറില് നടക്കുമ്പം... എന്താക്കും റബ്ബേ...?

മൊഹമ്മദിൻെറ കൈയില് വോട്ടിൻെറ കാർഡ് മാത്രേള്ളൂ. ഇന്നാട്ടില് ജനിച്ച് വളർന്നതാന്ന് കാണിക്കാനുള്ള ഒരു കടലാസും വേറെയില്ല. എന്താക്കും റബ്ബേ... ആലോയ്ക്കുംതോറും എടങ്ങേറ് കൂടുന്നൂന്നല്ലാണ്ട് ഒരു വയീം കാണുന്നില്ല. കടലാസില്ലെങ്കി ഓല് പിടിച്ചോണ്ടുപോകും. എവിടേക്കാണ് കൊണ്ടുപോകാന്നറീല.

ജനിച്ചത് നേരാണ്. ഇബ്ടത്തെ കാറ്റും വെയിലും തട്ടിത്തന്നേണ് വളർന്നത്. അതെങ്ങിനെ തെളിയിക്കും ? പറഞ്ഞാലും കണ്ടാലും തിരിയാത്തോര്ക്ക് കടലാസ് തന്നെ മേണ്ടിവരും. മൊഹമ്മദ് തൻെറ ഓർമകളുടെ അടിത്തട്ടിലേക്ക് ഇറങ്ങി നോക്കി. കുട്ടിക്കാലം എങ്ങനെ ആലോയ്ച്ചാലും ഹാജിപ്പാൻെറ മോറാണ് ആദ്യം കാണുക. ചതുരത്തൊപ്പിയും വട്ടത്താടിയുമുള്ള ഹാജിപ്പ. അത്പ്പം പടച്ചോനെപ്പറ്റി ഓർത്താലും ആ മോറേ വരൂ. അങ്ങനെ പാടില്ലെങ്കിലും അതാ നേര്. പിന്നേം പിന്നേം ആലോയ്ച്ചാൽ യതീംഖാനേലെ ഇടുങ്ങിയ മുറിയും നീർത്ത്യാലും നീർത്ത്യാലും നീരാത്ത ഓലപ്പായും തെളിഞ്ഞു വരും. വിയർപ്പും മീഞ്ചാറും കൂട്ടിക്കലർന്ന വല്ലാത്തൊരു മണവും ഓർമയിലുണ്ട്. ഓർമകൾ തുടങ്ങുന്നിടത്തായിരിക്കില്ല താൻ ജനിച്ചതെന്ന് മൊഹമ്മദിന് നല്ലോണം അറിയാം.

മൂന്നുകണ്ടൻ കുഞ്ഞയമ്മദാജി എവിട്ന്നോ തോളിലിട്ട് കൊണ്ടന്നതാണ്. കോളറ വന്ന് അടക്ക തൊയ്യുംമ്പോലെ അള്കള് മരിച്ചുവീണ ഒരു കാലം. മയ്യത്ത് നിസ്കരിച്ചും കബറ് വെട്ടിയും ആൾക്കാരുടെ നടുവൊടിഞ്ഞു പോയിപോലും അന്ന്. തിരൂരങ്ങാടീലും കൊടിഞ്ഞീലും ഒക്കെ ഓടിനടന്ന് ഉടവരില്ലാതെ യതീമായിപ്പോയ പൈതങ്ങളെ തോളിലേറ്റിക്കൊണ്ടോന്നു ഹാജി സാഹിബ്. കാലുറക്കാത്ത ഇമ്പീച്ചി മക്കൾ നാൽപതെണ്ണത്തിനെ സ്വന്തം പൊരേല് പായ വിരിച്ച് കിടത്തി. വാവിട്ട് നൊലോളിച്ചവരെ ഹസ്ബീറബ്ബീ പാടി മാറിമാറി തോളിലിട്ടുറക്കി. കഞ്ഞിവെള്ളം കൊടുത്ത് വിശപ്പുമാറ്റി. ആ നല്പതെണ്ണത്തിനും ഹാജി സാഹിബ് ബാപ്പയായി... ഹാജിപ്പയായി. ഓലെ ബീവി ഉമ്മയുമായി.

ഇതൊക്കെ ഹാജിപ്പ മരിച്ചന്ന് വൈന്നേരം യതീംഖാന മൈതാനത്ത് മീറ്റിങ്ങിൽ പലരും പ്രസംഗിച്ചത് മൊഹമ്മദ് കേട്ടതാണ്. പിന്നേം ഒരുപാട് കാര്യങ്ങൾ കേട്ടിരുന്നു. ഒന്നും ഓർമേലില്ല. മരിച്ചതിൻെറ ബേജാറില് മൊഹമ്മദിന് അന്ന് പകുതി ബോധേ ഉണ്ടായിരുന്നുള്ളൂ. എന്നാലൂം ആ ദിവസം മൊഹമ്മദിന് ഒരിക്കലും മറക്കാൻ കയ്യൂല. യതീംഖാന വളപ്പ് നെറച്ച് ജനങ്ങൾ മഹ്ശറേ*ല് നിക്ക്ണപോലെ, എല്ലാരെ മോത്തും ഒരേ ബേജാറ്.

മരിച്ചേൻെറ പിറ്റേന്ന് രാവിലെ സുബ്ഹി നിസ്കാരം കഴിഞ്ഞശേഷം മൊഹമ്മദിന് വല്ലാത്തൊരു ശൂന്യത അനുഭവപ്പെട്ടു. ആരോഗ്യമില്ലാത്തോനായിട്ടും പഠിപ്പില് മോശായിട്ടും സ്വന്തം മോനെപ്പോലെ തന്നെക്കരുതിയ ആ വല്യമനസ്സിൻെറ അസാന്നിധ്യം നൂല് പൊട്ടിയ പട്ടംപോലെ തൻെറ ജീവിതമായല്ലോ എന്ന തോന്നൽ മൊഹമ്മദിനുണ്ടാക്കി.

അന്ന് നാൽപതിനടുത്തായിരുന്നു മൊഹമ്മദിന് വയസ്സ്. ഇന്നിപ്പം എഴുപത്തിയഞ്ച് കഴിഞ്ഞു. അന്നുണ്ടായ അതേ ശൂന്യത വീണ്ടും തന്നെ മൂടുന്നപോലെ. ഇനിയെത്ര കാലം ജീവിക്കണമെന്നറിഞ്ഞുകൂടാ. കടലാസില്ലാതെ എങ്ങനെ സമാധാനത്തോടെ കഴിയും? തന്നെ സഹായിക്കാനാരും ഇല്ലല്ലോ. മൊഹമ്മദിൻെറ കണ്ണ് നെറഞ്ഞു. കണ്ണംപറമ്പിലെ ആറടിമണ്ണ് ആധാരം ചെയ്യാൻ കയ്യൂലല്ലോ.

മൊഹമ്മദ് തൻെറ നീളൻ കുപ്പായമെടുത്തിട്ടു. ദുഹറി*ന് ഉണ്ടാവൂല എന്ന് ഇമാമിനോട് പറഞ്ഞ് സമ്മതം വാങ്ങി. പതുക്കെ പള്ളീന്നെറങ്ങി. നേരെ പുതിയ ബസ്സ്റ്റാൻഡിൽ പോയി തിരൂരങ്ങാടി ബസിൽ കയറി. അസറാവുമ്പോഴേക്ക് തിരിച്ചെത്തണം എന്നു മനസ്സിലൊരു കണക്കിട്ടു.

മൊഹമ്മദ് തൻെറ കല്യാണം വെറുതെ ഓർത്തു. ഹാജിപ്പയായിരുന്നു പെണ്ണിനെ നിശ്ചയിച്ചതും നിക്കാഹ് നടത്തിത്തന്നതും. ബനാത്തിലെ മെസ്സിലുള്ള ആമിന തനിക്ക് തുണയായി. ഓളും എന്നെപ്പോലെത്തന്നെ. ഹാജിപ്പാൻെറ നൂറുകണക്കിന് മക്കളിൽ ഒരുത്തി. ഹാജിപ്പാൻെറ പൊരേൽതന്നെയായിരുന്നു ഞങ്ങളും കഴിഞ്ഞുപോന്നത്. ആറു മാസം കഴിഞ്ഞാൽ മദിരാശീലെ തൻെറ ഹോട്ടലിൽ ജോലി ശരിയാക്കിത്തരാമെന്ന് വാക്കുപറഞ്ഞതാണ്. അയിൻെറടേലാണ് ഓക്ക് പള്ളേല് മൊഴ വന്നത്. പിന്നെ അധികം ഉണ്ടായില്ല. ആമിനാൻെറ മയ്യത്ത് കണ്ട് ഹാജിപ്പ വല്ലാണ്ടായി. എന്നെ നെഞ്ചോട് ചേർത്തുപിടിച്ച് ഹാജിപ്പ കരഞ്ഞു. ഹാജിപ്പാൻെറ തേങ്ങലിലും തലോടലിലും എൻെറ സങ്കടം അലിഞ്ഞലിഞ്ഞില്ലാണ്ടായി. എന്തായാലും റബ്ബ് ഓളെ കാത്ത്. ഇല്ലെങ്കിൽ ഈ മൂസീബത്തില് ഓളും ബേജാറിലായിപ്പോയേനേ.

ഹാജിപ്പാൻെറ പുന്നാരമോൻ രാമനെപ്പറ്റിയും മൊഹമ്മദ് ഓർത്തുപോയി ഹാജിപ്പാൻെറ നിഴൽപോലെയായിരുന്നു രാമൻ. ഓൻ മിടുക്കനായതുകൊണ്ട് മാഷായി. വല്യ നെലേലായി. ഓന്ണ്ടായിരുന്നെങ്കിൽ ഇന്നെ ഓൻ കയ്ച്ചിലാക്കിയേനെ. എന്നും യതീമാ*വാനാണ് എനിക്ക് വിധി. അല്ലെങ്കിലും ആൾക്കാരേക്കാൾ നല്ല കൂട്ട് എപ്പഴും നല്ല ഓർമകളാണല്ലോ.

വിചാരിച്ചതിനേക്കാൾ നേരത്തേ മൊഹമ്മദ് തിരൂരങ്ങാടി ബസിറങ്ങി. ഒരു കാലിച്ചായപോലും കുടിക്കാൻ നിക്കാതെ നേരെ ചീനക്കൽ പള്ളി ലാക്കാക്കി നടന്നു. അവിടെ എത്തിയപാടെ മൂത്രമൊഴിച്ചു. പിന്നീട് അകത്ത് കയറി വുളുവെടുത്തു. ശേഷം രണ്ട് റകഅത്ത് നിസ്കരിച്ച് പള്ളിയെ ബഹുമാനിച്ചു. പത്ത്-പത്തര മണി സമയമായതോണ്ട് പള്ളിയും പരിസരവും കാലിയായിരുന്നു.

ഹാജിപ്പ മരിച്ചശേഷം ഒരൊറ്റ വർഷംകൂടിയേ മൊഹമ്മദ് തിരൂരങ്ങാടിയിൽ നിന്നിട്ടുള്ളൂ. പിന്നീട് കോഴിക്കോട്ടേക്കു പോന്നു. മുപ്പത്തഞ്ചു കൊല്ലത്തെ മുക്ക്റി ജീവിതം! മൊയ്തീൻ പള്ളീലെ മിമ്പറിന് മീതെ ചുവരിലുള്ള വലിയ ക്ലോക്കിൻെറ പെൻഡുലവും താനും ഒരേ ജീവിതതാളത്തിലാണെന്ന് മൊഹമ്മദിന് പലപ്പോഴും തമാശ തോന്നാറുണ്ട്. ക്ലോക്ക് 24 നേരം മുട്ടും... ഞാൻ അഞ്ചു നേരം ബാങ്ക് വിളിച്ച് ഒച്ചണ്ടാക്കും. അത്രേള്ളൂ വ്യത്യാസം.

ചീനിക്കൽ പള്ളി കബർസ്ഥാൻ വളരെ വലുതാണ്. വല്യ വല്യ പണ്ഡിതന്മാര്, പണക്കാര്, പ്രമാണിമാര് എന്നുവേണ്ട സകലമാന മനുഷ്യരുടെയും ജീവിതത്തിൻെറ ആകെത്തുക ഇമ്മണ്ണിനടിയിലാണല്ലോ എന്നോർത്തു. ജീവിതം എത്ര നിസ്സാരം; മണ്ണാണ് സത്യം. തലച്ചോറിന് പകരം മണ്ണായിരുന്നു തലയിലെങ്കിൽ നാടുഭരിക്കുന്നോർക്ക് ലേശമെങ്കിലും മനുഷ്യപ്പറ്റു കണ്ടേനെ എന്ന് മൊഹമ്മദ്ന് ഒരു വെളിപാടുപോലെ തോന്നി.

ഹാജിപ്പാൻെറ കബറിടം കണ്ടുപിടിക്കാൻ വലിയ പ്രയാസമില്ല. വലത്തേ മൂലക്കുള്ള വേപ്പുചെടി ഹാജിപ്പാൻെറ തലക്കുംഭാഗത്താണ്. അതാണടയാളം. വേപ്പ് ഇപ്പോൾ ചെടിയല്ല, വല്യമരമാണ്. കാടുംപടലവും വകഞ്ഞുമാറ്റി ഒരൂഹത്തിൽ കബറിടം മനസ്സിലാക്കിയെടുത്തു. കബറാളിയോട് സലാം ചൊല്ലി. വേപ്പുമരത്തിൽ ചാരിനിന്ന് മൊഹമ്മദ് പടച്ചോനോട് ദുആ ചെയ്തു. ഹാജിപ്പാൻെറ ആഖിറം നന്നാവാനും അവിടെ ഒരുമിച്ചുകൂട്ടാനും പ്രാർഥിച്ചു. പണ്ടേക്കുപണ്ടേ ചൊല്ലുന്ന സ്ഥിരം ദുആകളും ചൊല്ലിത്തീർത്തു.


ബേജാറിൻെറ അങ്ങേത്തലക്കല് നിന്നാണ് ഹാജിപ്പാൻെറ കബറിടത്തിലേക്ക് മൊഹമ്മദ് വന്നത്. ഹാജിപ്പാക്കു മാത്രമേ തൻെറ സങ്കടം തിരിയൂ എന്നാണ് മൊഹമ്മദിൻെറ ബോധ്യം. ഉള്ള് പൊട്ടിത്തന്നെ മൊഹമ്മദ് ഹാജിപ്പാനോട് സങ്കടം പറഞ്ഞു.

ഉപ്പാ... ഞാനിനി ഈ നാട്ടുകാരനല്ലാണ്ടാവാൻ പോവ്വാണ്. എൻെറ കൈയില് കടലാസില്ല. ജനിച്ചെയിൻെറ രേഖല്ല. എൻെറ രേഖ ഇങ്ങളായിരുന്നു ഹാജിപ്പാ... ഇങ്ങളിപ്പം ഇല്ലല്ലോ... യതീംകുട്ട്യോളൊക്കെ എന്താക്കും... ഓലെ ഈ നാട്ടിന് വേണ്ട ഹാജിപ്പാ... മൊഹമ്മദ് വിങ്ങിപ്പൊട്ടി. കൈകാലുകൾ തളർന്നുപോയി. രണ്ട് കൈയും ചേർത്ത് മുഖം പൊത്തി തലതാഴ്ത്തി വേപ്പു മരം ചാരി മൊഹമ്മദ് കുറച്ച് നേരം മണ്ണിലിരുന്നു. മൊഹമ്മദിന് ഹാജിപ്പയുടെ കൂടെ കിടക്കണം എന്നു തോന്നി. മൊഹമ്മദ് പതുക്കെ നീണ്ടുനിവർന്നു കിടന്നു. പണ്ട് ഇടിവെട്ടി മഴപെയ്യുമ്പോ പേടി മാറ്റാൻ ഹാജിപ്പാൻെറ കൈയിനുള്ളിൽ കിടന്നപോലെ കിടന്നു. വേപ്പിൻെറ തണലിൽ മൊഹമ്മദ് മയങ്ങിപ്പോയി.

മുത്ത് റസൂലും അബൂബക്കറും ഹിജ്റ പോയ പോലെ മൊഹമ്മദിനെ ഒട്ടകപ്പുറത്ത് കയറ്റി ഇരുത്തി ഹാജിപ്പ ഏതോ മലയടിവാരത്തിലൂടെ നടന്നുനീങ്ങുന്നത് മൊഹമ്മദ് സ്വപ്നം കണ്ടു. ഭൂമി അല്ലാൻെറതാണെന്നും അത് എല്ലാവരുടേതാണെന്നും എന്നാൽ ആരുടേതുമല്ലാ എന്നും ഹാജിപ്പ മൊഹമ്മദിൻെറ ചെവിയിൽ സ്വപ്നത്തിൽ പറഞ്ഞു.


ചീനിക്കൽ പള്ളിയിൽനിന്നു ബംഗാളിയുടെ ഈണത്തിലുള്ള ബാങ്ക് വിളി കേട്ട് മൊഹമ്മദ് ഞെട്ടിയെണീറ്റു. മുണ്ടു കുടഞ്ഞുടുത്തു. ഹാജിപ്പാക്ക് സലാം ചൊല്ലി മൊഹമ്മദ് പള്ളിയിലേക്കു നടന്നു. മൊഹമ്മദിന് വല്ലാത്ത ആശ്വാസം അനുഭവപ്പെട്ടു. മനസ്സിലൂടെ തണുത്ത കാറ്റ് വീശുന്നപോലെ. ഹാജിപ്പ ചരിത്രത്തിലുള്ളേടത്തോളം കാലം താൻ ബേജാറാകേണ്ട കാര്യമില്ല എന്ന് മൊഹമ്മദ് തീരുമാനിച്ചു. ദുഹറ് ജമാഅത്ത് കഴിഞ്ഞയുടനെ അയാൾ കോഴിക്കോട് ബസിൽ കയറി. അസറിന് മുമ്പ് പള്ളിക്കലെത്തണം. ഇമാമിനോട് അങ്ങിനെയാ പറഞ്ഞത്. വാക്ക് വാക്കാണ്.

*മഹ്ശറ-മരണാനന്തരമുള്ള ഒരുമിച്ചുകൂടൽ
*ദുഹ്ർ-മധ്യാഹ്ന നമസ്കാരം
*യതീം-അനാഥൻ



ചിത്രീകരണം: **ജലാൽ അബൂസമ**

## കവിത




**വി.എം. അരവിന്ദാക്ഷൻ**

### ന്യൂനം

ഒരു മരുപ്പരപ്പ്
പയ്യെ പയ്യെ
ഊർന്നൂർന്നുപോയൊടുവിൽ
ഒരു മണൽത്തരി-
മാത്രമായ് തീർന്നു.
ജനപഥങ്ങളെയും
നഗരകാന്താരത്തെയും
വിഴുങ്ങിയൊടുവിലൊരു-
ലോഹത്തിലൊരു തുള്ളിയായ്
വീണുമരിപ്പൂ
കടൽ

**സീന ശ്രീവത്സൻ**

### ജീവനം


തീപിടിച്ചപോലെ ഒരു മരം
മരച്ചോടിനെ കയ്പിച്ച് ഒരു ആമ്പുലൻസ്
അവയ്ക്കിടയിൽ ശ്രുതിഭംഗം വന്ന്
ജീവിതത്തിലേക്കും
മരണത്തിലേക്കും
നീട്ടാവുന്ന കൈയകലങ്ങളിൽ
പെട്ടെന്ന് പെയ്തൊടുങ്ങിയ
മഴപോലെ
നമ്മൾ.

## പുസ്തകം



**വൈറ്റ് ഫാങ് (നോവൽ)**
ജാക്ക് ലണ്ടൻ
വിവ: പി.പി.കെ. പൊതുവാൾ
പേജ്: 293, വില: 299.00
ഡി.സി ബുക്സ്

കാടിൻെറ വിളി എന്ന അനശ്വര കൃതിക്കു ശേഷം എഴുത്തുകാരൻെറ തൂലികയിൽ നിന്ന് പിറന്ന മറ്റൊരു ക്ലാസിക്കിൻെറ വിവർത്തനം.



**മകുടത്തിൽ ഒരു വരി ബാക്കി (ആത്മകഥ)**
അജയൻ
പേജ്: 160, വില: 199.00
ഡി.സി ബുക്സ്

പെരുന്തച്ചൻ എന്ന ആദ്യ ചിത്രത്തിലൂടെ തന്നെ പ്രതിഭ തെളിയിച്ച സംവിധായകൻെറ സംഭവബഹുലമായ ആത്മകഥ.



**മരം പറഞ്ഞൊരു കഥ (ബാലസാഹിത്യം)**
എസ്. താണുവൻ ആചാരി
പേജ്: 56, വില: 75.00
കറൻറ് ബുക്സ്

സമകാലിക പ്രസക്തമായ വിഷയങ്ങൾ ലളിതമായി, കുട്ടികളുടെ ഭാഷയിൽ അവതരിപ്പിക്കുന്ന കൃതി.



**നഗ്നജലം (നോവൽ)**
സന്ധ്യ എൻ.പി.
പേജ്: 114, വില: 120.00
ഹരിതം ബുക്സ്

മലയാളിയുടെ മാറുന്ന അഭിരുചിയും അവബോധവും വിളംബരം ചെയ്യുകയാണ് എഴുത്തുകാരിയുടെ ആദ്യ നോവൽ.



**അംബാവനത്തിലെ മഴയും ബൂമ്‌ലാ പാസിലെ മഞ്ഞും (യാത്ര)**
ആഷാ മേനോൻ
പേജ്: 167, വില: 210.00
മാതൃഭൂമി ബുക്സ്

കുടജാദ്രിയിൽനിന്ന് തുടങ്ങി അരുണാചൽപ്രദേശിലെ ബൂമ്‌ലാ ചുരത്തിലെത്തിയ യാത്രാനുഭവങ്ങളുടെ സമാഹാരം.



**പൽമീറ (കഥ)**
സന്തോഷ്കുമാർ എ.വി
പേജ്: 160, വില: 160.00
ലിപി പബ്ലിക്കേഷൻസ്

അനുരാഗവും വിരഹവും സ്വപ്നവും കെട്ടുപിണഞ്ഞുകിടക്കുന്ന അനുഭവലോകങ്ങളാണ് ഈ കഥകൾ. പൽമീറ, കെലിൻെറ പ്രത്യുത്തരങ്ങൾ ഉൾപ്പെടെ അഞ്ച് കഥകൾ.




**മെഹബൂബ് (നോവൽ)**
റസിയ പയ്യോളി
പേജ്: 161, വില: 200
ലിവ ബുക്സ്

പ്രണയിച്ച പുരുഷനു വേണ്ടി കൊട്ടാരം വിട്ടിറങ്ങിവന്ന ആമിയെന്ന യുവതിയുടെയും അവളെ ജീവനേക്കാൾ സ്നേഹിച്ച മെഹബൂബ് എന്ന തെരുവുഗായകൻെറയും ജീവിതം.



**ഒരു രണ്ടത്താണിക്കാരൻെറ ഓർമക്കുറിപ്പുകൾ**
ഡോ. ഹംസ അഞ്ചുമുക്കിൽ
പേജ്: 110, വില: 120.00
മഴത്തുള്ളി പബ്ലിക്കേഷൻസ്

സമൂഹ മാധ്യമ ഇടപെടലുകളിലൂടെ ശ്രദ്ധേയനായ സാമൂഹിക പ്രവർത്തകൻെറ അനുഭവതീവ്രമായ ഓർമകൾ.



**ഓർമകളുടെ ഉറുമ്പനക്കങ്ങൾ**
ഫൗസിയ കളപ്പാട്ട്
പേജ്: 96, വില: 95.00
സൈകതം ബുക്സ്

പുതിയ കാലത്തിന് അപരിചിതമായിക്കൊണ്ടിരിക്കുന്ന മനുഷ്യത്വത്തിൻെറ ജീവിത ദർശനമാണ് ഈ എഴുത്തുകൾ പങ്കുവെക്കുന്നത്.



**ജനപ്രിയ രുചികൾ**
ഷബ്ന ഹസ്കർ
പേജ്: 118, വില: 125.00
ഡി.സി ലൈഫ്

പതിനായിരങ്ങൾ പിന്തുടരുന്ന യൂട്യൂബിലൂടെ പ്രശസ്തയാണ് എഴുത്തുകാരി. അവരുടെ രുചിക്കൂട്ടുകളുടെ പുസ്തകമാണിത്.

സംഭാഷണം

**“ദൃശ്യപരിചരണത്തിലെയും പ്രമേയതിരഞ്ഞെടുപ്പിലെയും പുതുമയാണ് ലിജോ ജോസ് പെല്ലിശ്ശേരി സിനിമകളെ വ്യതിരിക്തമാക്കുന്നത്. ജല്ലിക്കട്ട് അതിൻെറ ഒടുവിലെ ഉദാഹരണം മാത്രം**

**ലിജോ ജോസ് പെല്ലിശ്ശേരി**

**വിജയ് സി.എച്ച്**



• ലിജോ ജോസ് പെല്ലിശ്ശേരി

# പരീക്ഷണമാണ് ഓരോ സിനിമയും



തിരുവനന്തപുരത്ത് സമാപിച്ച അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മികച്ച ജനപ്രിയ സിനിമയായി തിരഞ്ഞെടുക്കപ്പെട്ടത് ലിജോ ജോസ് പെല്ലിശ്ശേരി സംവിധാനം ചെയ്ത ‘ജല്ലിക്കട്ട്’ ആയിരുന്നു. ജൂറിയുടെ പ്രത്യേക പരാമർശത്തിനു ലിജോ അർഹനാവുകയും ചെയ്തു.

നവംബറിൽ ഗോവയിൽ നടന്ന രാജ്യാന്തര ചലച്ചിത്രമേളയിൽ ജല്ലിക്കട്ടിലൂടെ രണ്ടാം തവണയും മികച്ച സംവിധായകനുള്ള പുരസ്കാരം ലിജോ നേടിയിരുന്നു. മുൻവർഷം ഐ.എഫ്.എഫ്.ഐയിൽ, ‘ഈ.മ.യൗ’ ആണ് ലിജോക്ക് മികച്ച സംവിധായകനുള്ള പുരസ്കാരം നേടിക്കൊടുത്തത്. ഒരു പോത്ത് ഓടുന്നത് ഇത്രയും വലിയൊരു അന്തർദേശീയ സംഭവമാണോയെന്ന് ആർക്കെങ്കിലും തോന്നുന്നുണ്ടെങ്കിൽ, ഈ ചോദ്യം വിദേശ നഗരങ്ങളിൽ പോയിത്തന്നെ ചോദിക്കേണ്ടിവരും. കാരണം, ജല്ലിക്കട്ട് അവാർഡുകൾ വാരിക്കൂട്ടിയത് ഗോവയിലും തിരുവനന്തപുരത്തും മാത്രമല്ലല്ലോ! ലോകപ്രശസ്തമായ ടൊറൻേറാ ഫെസ്റ്റിലും (കാനഡ), ബ്രിട്ടീഷ് ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ലണ്ടൻ ഫെസ്റ്റിലും ദക്ഷിണ കൊറിയയിലെ ബുസാൻ ഫെസ്റ്റിലും കണിശക്കാരായ സകല സിനിമാനിരൂപകർക്കും ഈ സിനിമ ബോധിച്ചിരിക്കുന്നു. ജല്ലിക്കട്ട് മികച്ച ചലച്ചിത്രം, ലിജോ മികച്ച സംവിധായകൻ!

‘ഈ.മ.യൗ’, ‘നായകൻ, ‘സിറ്റി ഓഫ് ഗോഡ്’, ‘ആമേൻ’, ‘ഡബിൾ ബാരൽ’, ‘അങ്കമാലി ഡയറീസ്’ തുടങ്ങി മലയാളിയെ വിസ്മയിപ്പിച്ച ഒരുപിടി സിനിമകൾ അദ്ദേഹത്തിൻേറതായുണ്ട്. ജല്ലിക്കട്ടിനെക്കുറിച്ചും തൻെറ സിനിമകളെക്കുറിച്ചും ഇനി ലിജോ പറയട്ടെ.

**താരസിനിമകൾപോലും സാമ്പത്തികമായി പരാജയപ്പെടുന്ന ഇക്കാലത്ത്, പോത്തിനെ പ്രധാന കഥാപാത്രമാക്കി ഒരു പടം ചെയ്യാൻ എങ്ങനെ ധൈര്യം വന്നു?**

“ഇരുളിൻെറ മറവിൽ ഒളിക്കുന്ന പോത്തുതന്നെയാണ് ഹരീഷിൻെറ ‘മാവോയിസ്റ്റി’ലെ പ്രധാന കഥാപാത്രം. പക്ഷേ, ലളിതമായൊരു ചെറുകഥയാണത്. കഥകൾ ചലച്ചിത്രമാക്കുമ്പോൾ കൂടുതൽ സംഭവബഹുലമാകണം. ഓടുന്നതു പോത്താണെങ്കിലും, അത് അന്ധകാരത്തിലെ മനുഷ്യമുഖങ്ങളെയാണ് തുറന്നുകാട്ടുന്നത്” -ലിജോ സിനിമയുടെ വിജയകാരണം പറഞ്ഞുതുടങ്ങി.

‘മീശ’യെഴുതി, കേരള സാഹിത്യ അക്കാദമിയുടെ മികച്ച കഥാസമാഹാരത്തിനുള്ള 2018ലെ പുരസ്കാരം നേടിയ എസ്. ഹരീഷിൻേറതാണ് ജല്ലിക്കട്ടിൻെറ മൂലകഥ.

“കശാപ്പുകാരനിൽനിന്ന് ഓടിരക്ഷപ്പെടുന്നൊരു പോത്ത് ഹരീഷിൻെറ വീട്ടുപരിസരത്തുണ്ടാക്കിയ പ്രശ്നങ്ങളാണ് മൗലികമായി അദ്ദേഹത്തിൻെറ ചെറുകഥയിലുള്ളത്. എന്നാൽ, ദൃശ്യാവിഷ്കാരമാകുമ്പോൾ, മനുഷ്യരെ ബന്ധപ്പെടുത്തിക്കൊണ്ട് അതിൽ കൂടുതൽ മാറ്റങ്ങൾ വരുത്തേണ്ടിയിരിക്കുന്നു” -ലിജോ വ്യക്തമാക്കി.

“രാത്രിയിൽ നാട്ടിൽ നടക്കുന്നത് എന്തൊക്കെയാണെന്നും മറ്റുള്ളവരുടെ ദൃഷ്ടിയിൽ പെടുന്നില്ലെങ്കിൽ മനുഷ്യൻ എങ്ങനെയെന്നും ചിത്രീകരിക്കാൻ കഴിഞ്ഞു. പകൽവെളിച്ചത്തിൽ കാണാൻ കഴിയാത്ത അവൻെറ യഥാർഥ രൂപം. ചുരുക്കിപ്പറഞ്ഞാൽ, പോത്തിൻെറ രാത്രിയോട്ടം പല പരമാർഥങ്ങളും ദൃശ്യവത്കരിക്കാനുള്ള ഒരു പശ്ചാത്തലമൊരുക്കിത്തന്നു. ഒരു പ്രതിസന്ധിഘട്ടത്തിലൂടെ ഗ്രാമം കടന്നുപോകുന്നുവെന്നത് പ്രതികാരമോഹങ്ങളെയും ആഭാസചിന്തകളെയും ചില്ലറ പ്രണയാഭിലാഷങ്ങളെയുമെല്ലാം മറനീക്കി പുറത്തുവരാൻ സഹായിക്കുകയാണ് ചെയ്യുന്നത്! നാട്ടിലെ അശാന്തി ദുഷ്ടചിന്തകൾക്ക് വളംവെക്കുകയാണ്!” -ലിജോ വിവരിച്ചു.

**ഇതുതന്നെയല്ലേ, ജല്ലിക്കട്ടിൻെറ ആഗോള പ്രസക്തി? സൂര്യൻ പാതിരക്കുദിച്ചാൽ കാണാവുന്നതും കലങ്ങിയ വെള്ളത്തിലെ മീൻപിടിത്തവും!**

“അതെ” -ലിജോ ശരിവെച്ചു.

ഇന്ത്യയിലെ മാത്രമല്ല, വിദേശ സിനിമാ നിരൂപകർപോലും ജല്ലിക്കട്ടിൽ ദർശിച്ചത് ഈ സാർവലൗകിക സന്ദേശമാണ്! സെപ്റ്റംബർ എട്ടിനാണ് ടൊറൻേറാ ഫെസ്റ്റിൽ ജല്ലിക്കട്ടിൻെറ വേൾഡ് പ്രീമിയർ (പ്രഥമപ്രദർശനം) നടന്നത്. അതിനുശേഷം, നാലു മാസത്തിനുള്ളിൽ നാലു രാജ്യാന്തര ചലച്ചിത്രോത്സവങ്ങളിൽകൂടി ജല്ലിക്കട്ട് പ്രദർശിപ്പിച്ചു. ലോകനിലവാരവും ലോകരുടെ സ്വാഭാവികമായ പ്രവണതകളുമാണ് ലിജോയുടെ തൊഴിലിനെ ജനകീയമാക്കുന്നത്. പ്രതിഫലമായി ഒന്നുംവാങ്ങാതെ ‘സൂപ്പർസ്റ്റാർ’ റോളിൽ ‘ജീവിച്ച’ പോത്ത് ഒരു നിമിത്തം മാത്രം! അഭിനയിക്കാൻ, പോത്തിന് അങ്ങനെയൊന്ന് അറിയുകയേയില്ലായിരുന്നല്ലോ!

“സിനിമകളിൽ പരീക്ഷണങ്ങൾ നടത്താൻ താൽപര്യമുള്ള ഒരാളാണു ഞാൻ. വൈവിധ്യമാണ് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രവർത്തനരീതി” -ലിജോ തൻെറ അഭിരുചി പങ്കിട്ടു.

**അദ്ദേഹത്തിൻെറ ഏഴു പടങ്ങളും വ്യത്യസ്തമായ വിഷയങ്ങളാണ് കൈകാര്യം ചെയ്യുന്നതെന്നു മാത്രമല്ല, സമീപനത്തിലും അപ്രതീക്ഷിതമായ പുതുമയുണ്ട്. പക്ഷേ, ഇതു സാഹസമല്ലേ? റിസ്ക് ഫാക്ടർ മുന്നിൽ കാണേണ്ടിയിരിക്കുന്നു.**

“ശരിയാണ്, എൻെറ ‘ഡബ്ൾ ബാരൽ’ സാമ്പത്തികമായി വലിയ വിജയമായിരുന്നില്ല. അത് പരീക്ഷണാർഥം ഞാൻ സംവിധാനം ചെയ്തൊരു സിനിമയായിരുന്നു. എൻെറതന്നെയായിരുന്നു തിരക്കഥ. പൃഥ്വിരാജും ഇന്ദ്രജിത്തും ആസിഫ് അലിയുമെല്ലാം ഉണ്ടായിരുന്നു. പരാജയം ഏറ്റെടുക്കേണ്ടിവന്നു” -ലിജോ സങ്കോചമില്ലാതെ സമ്മതിച്ചു.

**ആ നിലയിൽ നോക്കിയാൽ, ജല്ലിക്കട്ടല്ലേ അതിലും വലിയ പരീക്ഷണം? കേന്ദ്ര കഥാപാത്രവുമായി നിരവധി ചർച്ചകളിലൂടെയല്ലേ ഒരു പടം നിർമിക്കപ്പെടുന്നത്. എന്നാൽ, നായകൻ പോത്തിനോട് എന്തു വേദമാണ് ഓതുക?**

“മിണ്ടാപ്രാണിയായ കഥാപാത്രത്തെവെച്ച് പടം ഷൂട്ടു ചെയ്തതിൻെറ എല്ലാ ക്രെഡിറ്റും ഞാൻ ഗിരീഷിനു കൊടുക്കുന്നു (ഛായാഗ്രാഹകൻ ഗിരീഷ് ഗംഗാധരൻ). ഇത്രയും ഭാരമുള്ള കാമറയും ചുമന്ന് പുള്ളിക്കാരൻ പോത്തിൻെറ പിറകെ ഓടുകയായിരുന്നു. മനുഷ്യർക്ക് പ്രവേശിക്കാൻ ബുദ്ധിമുട്ടുള്ള പൊന്തക്കാട്ടിലൂടെയുമല്ലേ പോത്ത് ഓടുന്നത്” -ലിജോ വിശദീകരിച്ചു.

സ്വന്തം ജീവൻ രക്ഷിക്കാനല്ലേ പോത്തിൻെറ ഈ നെട്ടോട്ടം! “എക്സാക്റ്റിലി, ഉയരങ്ങളിൽ കയറിനിന്നും കിണറിൽ ഇറങ്ങ നിന്നും ഷൂട്ട് ഉണ്ടായിരുന്നു! അതും, രാത്രിയിൽ! ഗിരി ഒരു അപകടത്തിലും പെടുകയുണ്ടായി.”

ജല്ലിക്കട്ട് ലിജോക്ക് നേടിക്കൊടുത്തിരിക്കുന്നത് അടൂർ ഗോപാലകൃഷ്ണൻെറ ലോകപ്രശസ്തിയും സത്യൻ അന്തിക്കാടിൻെറ പ്രാദേശിക സ്വീകാര്യതയുമാണ്! “ഈ വിശേഷണങ്ങൾക്കൊക്കെ ഞാൻ അർഹനാണോയെന്ന് എനിക്കറിയില്ല,” ഒരു നീണ്ട ചിരിക്കൊടുവിൽ ലിജോ കൂട്ടിച്ചേർത്തു. **ശരി, പഴയ തലമുറയും പുതിയ തലമുറയും ഒന്നടങ്കം ലിജോ സിനിമകളെ ഇഷ്ടപ്പെടുന്നുവെന്നത് ശരിയല്ലേ?**

“എൻെറ സിനിമകളെ പ്രായവ്യത്യാസമില്ലാതെ എല്ലാവരും സ്വീകരിക്കുന്നു എന്നാണ് വിശ്വാസം. എൻെറ ഭാവനയിൽ രണ്ടുതരം സിനിമകളേയുള്ളൂ- നല്ലതും ചീത്തയും! നല്ല പടങ്ങൾ എല്ലാവരും കാണുന്നു. പുതിയ തലമുറയും പഴയ തലമുറയും. അങ്ങനെയുള്ള സിനിമകൾ ഉണ്ടാകാനാണ് ഞാൻ പ്രയത്നിക്കുന്നത്” -അദ്ദേഹം പറഞ്ഞവസാനിപ്പിച്ചു. ●

> **“ഡബ്ൾ ബാരൽ സാമ്പത്തികമായി വിജയമായിരുന്നില്ല. അത് പരീക്ഷണാർഥം സംവിധാനം ചെയ്തൊരു സിനിമയായിരുന്നു. എൻെറതന്നെയായിരുന്നു തിരക്കഥ. പരാജയത്തിൻെറ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടിവന്നു”**

let's watch

# അതിർത്തികൾ മായ്ക്കുന്ന സംഗീതം

**സഫ്‌വാൻ റാഷിദ്**

റാഡ്ക്ലിഫ് സായിപ്പ് പണ്ട് വരച്ച രേഖക്ക് ഇരുവശമായി വിഭജിക്കപ്പെട്ടത് ഇന്ത്യയും പാകിസ്താനും മാത്രമായിരുന്നില്ല. ഒരുമിച്ചുവളർന്ന സംഗീതവും സംസ്കാരവും ക്രിക്കറ്റുമെല്ലാം ഇരുപുറങ്ങളിലായി പകുത്തുപോയിട്ടുണ്ട്. എന്നാൽ, പതിറ്റാണ്ടുകൾക്കു ശേഷം അതിർത്തിക്കപ്പുറത്തായ മധുര സംഗീതം ഇന്ത്യക്കാർ വീണ്ടും നുണഞ്ഞുതുടങ്ങിയത് കോക് സ്റ്റുഡിയോയിലൂടെയാണ്.

കൊക്കക്കോള കമ്പനി നിർമിച്ച ‘കോക് സ്റ്റുഡിയോ’ സംഗീതപരിപാടി പാകിസ്താൻ ടെലിവിഷൻ ഷോ ആയി 2008 മുതലാണ് സംപ്രേഷണം ചെയ്തുതുടങ്ങിയത്. ക്ലാസിക്കൽ, ഫോക്ക്, സൂഫി, ഖവാലി തുടങ്ങിയ തദ്ദേശീയ ഗാനങ്ങൾക്കൊപ്പം പോപ്പ് സംഗീതവും റോക്ക് ബാൻഡുമെല്ലാം ആവേശത്തിൻെറയും ഉന്മാദത്തിൻെറയും പുതിയ അലകൾ തീർത്തു.

ബഹുവർണ പ്രകാശം വന്നുവീഴുന്ന കോക് സ്റ്റുഡിയോയുടെ വേദികളിൽ റാഹത്ത് ഫത്തഹ് അലിഖാനും ആതിഫ് അസ്‌ലമും ആബിദ പർവീണും റൊഹൈൽ ഹയാത്തും മോമിന മുസ്തഹ്സനുമെല്ലാം പാടിത്തുടങ്ങിയപ്പോൾ അത് കേൾക്കാതിരിക്കാൻ ഇന്ത്യക്കാർക്കാകുമായിരുന്നില്ല. അവർ യൂട്യൂബിലും ഫേസ്ബുക്കിലുമെല്ലാം കോക് സ്റ്റുഡിയോയുടെ ഗാനങ്ങൾ തേടിപ്പോയി. യൂട്യൂബിൽ 85 ലക്ഷം സബ്സ്ക്രൈബേഴ്സ് നിലവിൽ കോക് സ്റ്റുഡിയോക്കുണ്ട്. ആതിഫ് അസ്‌ലമിൻെറ ‘താജ്ദാറേ ഹറം’ ഇതുവരെ കണ്ടത് 27 കോടിയിലധികം പേരാണ്. റാഹത്തും മോമിനയും പാടിയ ആഫ്റീൻ മുപ്പത് കോടിയോളം ആളുകൾ കണ്ടുകഴിഞ്ഞു. തൂ കുജാ മൻ കുജാ തീർത്ത അലയൊലികൾ ഇപ്പോഴും മലയാളികളടക്കമുള്ളവരുടെ ചുണ്ടിലുണ്ട്. കോക് സ്റ്റുഡിയോ ഇന്ത്യൻ പതിപ്പ് 2011ൽ ആരംഭിച്ചെങ്കിലും പാകിസ്താൻ പതിപ്പിനെ വെല്ലാനായില്ല.

കോക് സ്റ്റുഡിയോ ഗാനങ്ങളുടെ കമൻറ് ബോക്സിലുള്ള ഇന്ത്യക്കാരുടെയും പാകിസ്താൻകാരുടെയും സൗഹൃദം പുതുക്കലും ചർച്ചയും മറ്റെവിടെയുമുണ്ടാകില്ല. രാഷ്ട്രീയ കാരണങ്ങളാൽ വിഭജിച്ചുപോയ രണ്ടു രാജ്യങ്ങൾ സംഗീതത്തിലൂടെ ഒട്ടിപ്പിടിക്കാൻ കോക് സ്റ്റുഡിയോ ഒരു നിമിത്തമാകുന്നു. ഉള്ളംതൊടുന്ന ആത്മരാഗങ്ങളും സൂഫിഗാനങ്ങളുടെ മാന്ത്രികതയും നുണയാനായി cokestudio എന്ന് കീബോഡിൽ ടൈപ്പ് ചെയ്തുതുടങ്ങിക്കോളൂ. ●



• കോക്ക് സ്റ്റുഡിയോയിൽ ആതിഫ് അസ്‌ലം പാടുന്നു

അരങ്ങ്

# അരങ്ങിനെ നവീകരിക്കുന്ന നാടക യാത്രകൾ

**ജനുവരി 20ന് തുടങ്ങുന്ന തൃശൂർ അന്തർദേശീയ നാടകോത്സവത്തിൽ അവതരിപ്പിക്കുന്ന സുവീരൻെറ ‘ഭാസ്കര പട്ടേലരും തൊമ്മിയുടെ ജീവിതവും’ നാടകത്തെ കുറിച്ച്**

**ചാക്കോ ഡി. അന്തിക്കാട്**

സക്കറിയയുടെ പ്രശസ്തമായ കഥ ‘ഭാസ്കര പട്ടേലരും തൊമ്മിയുടെ ജീവിതവും’ വീണ്ടും ചർച്ചയാകുകയാണ്. അടൂർ ഗോപാലകൃഷ്ണൻെറ ‘വിധേയനി’ലൂടെ ഇതിനകം ജനകീയമായ കഥ, 20 വർഷങ്ങൾക്കു ശേഷം, പ്രശസ്ത സംവിധായകൻ സുവീരനാണ് നാടകമാക്കി വിസ്മയിപ്പിക്കുന്നത്. കഥ, കവിത അല്ലെങ്കിൽ നോവൽ നാടകമാക്കുമ്പോൾ സംഭവിക്കേണ്ട അരങ്ങിൻെറ ക്രിയാംശം നിറഞ്ഞ ചലനങ്ങളും ചടുലതയും ആശയവിനിമയവും സംഭാഷണത്തിൻെറ പ്രതികരണ-പ്രഹരശേഷിയും സന്ദർഭങ്ങളുടെ ഭാവതീവ്രതയുമെല്ലാം കടഞ്ഞെടുക്കാനും പ്രയോഗിക്കാനും ഉൾക്കാഴ്ചയുള്ള സംവിധായകർക്കേ കഴിയൂ.



• നാടകത്തിൽനിന്ന്

ബാക്ക് സ്റ്റേജ് വടകരയുടെ ബാനറിൽ സുവീരൻ സംവിധാനം ചെയ്ത ‘ഭാസ്കര പട്ടേലരും തൊമ്മിയുടെ ജീവിതവും’ എന്ന നാടകം, വടകര ടൗൺ ഹാളിൻെറ സ്പേസ് പരിമിതികൾക്കിടയിലും ശക്തമായ അവതരണമായിരുന്നു. വടകര എഫാസ് ഫൈൻ ആർട്സ് സൊസൈറ്റിയായിരുന്നു സംഘാടകർ. ജനുവരി 20ന് തുടങ്ങുന്ന തൃശൂർ അന്തർ ദേശീയ നാടകോത്സവത്തിൽ -‘ഇറ്റ്ഫോക്ക്’ ജനുവരി 24ന് നാടകം വീണ്ടും അരങ്ങേറും. പട്ടേലരായി ഷാജഹാൻ, തൊമ്മിയായി സിനിമ നടൻ മണികണ്ഠൻ ആചാരി, ഓമനയായി ഷെറിൻ... പിന്നെ, സരോജാക്കയടക്കം എല്ലാവരും നന്നായി അഭിനയിച്ചു. വൈവിധ്യമാർന്ന ഗ്രൂപ് അഭിനയം വിഷയത്തിന്-രംഗപ്രയോഗത്തിന്- പുതിയ മാനങ്ങൾ നൽകി. ഒരുപാട് സംസ്ഥാന-ദേശീയ-അന്താരാഷ്ട്ര അവാർഡുകൾ കരസ്ഥമാക്കിയ സംവിധായകൻ (‘ബ്യാരി’ എന്ന, ആദ്യ കന്നട സിനിമക്ക്, ദേശീയ അവാർഡ്-2010) ‘ഭാസ്കര പട്ടേലർ’ നാടകമാക്കിയപ്പോൾ, കഥാപാത്രങ്ങളുടെ ഓരോ സൂക്ഷ്മ-സ്ഥൂല ചലനങ്ങളും മനഃശാസ്ത്ര വിശകലനത്തിലൂടെ പ്രകാശിപ്പിക്കാൻ ശ്രമിച്ചിട്ടുണ്ട്! അവരുടെ ഓരോ നോട്ടവും സംവിധായകനാൽ നിർണയിക്കപ്പെട്ടതാണ്. ലൈറ്റ് ഡിസൈൻ അർഥവത്താക്കി പകരാൻ ‘ഇൻവിസിബ്ൾ ലൈറ്റിങ് സൊലൂഷൻ’ ലൈറ്റ് ഡിസൈനർ സനേഷിന് കഴിഞ്ഞിട്ടുണ്ട്. മ്യൂസിക്കും സൗണ്ട് ഇഫക്ട്സും കുറച്ചുകൂടി സൂക്ഷ്മവും അർഥവത്തും ക്രിയാത്മകവുമാക്കാവുന്ന അനന്തസാധ്യതകൾ സുവീരൻെറ ഡിസൈനിൽ തന്നെയുണ്ട്. ഒരു വലിയ ബാക്ക് സ്റ്റെപ്പും മുന്നിലെ ചില ഇരുണ്ട ലെവലുകളും കള്ളുഷാപ്പും വഴിയും വീടുകളും കാടും ഒക്കെയായി മാറുന്ന ഭാവനാസമ്പന്നമായ സെറ്റ് ഡിസൈൻ പ്രശംസയർഹിക്കുന്നു. ‘ലൈറ്റ് ഓഫ്‘ (ബ്ലാക് ഔട്ട്) പലയിടത്തും ഒഴിവാക്കിയെങ്കിലും നാടകത്തിൻെറ ഒഴുക്കിനെ ബാധിച്ചില്ല.

‘ഭാസ്കര പട്ടേലരെ’ പോലുള്ളവർ ജീവിച്ചത്, 1950കൾക്ക് മുമ്പുള്ള കേരള സമൂഹത്തിൻെറ പ്രതിധ്വനി കൂടിയാണെങ്കിലും ഇന്നും അത്തരം ‘ഫ്യൂഡൽ’ ജന്മിമനസ്സ് നമുക്കുചുറ്റും ഉള്ളിലും പതിയിരിക്കുന്നുണ്ടെന്നും ഈ നാടകം മുന്നറിയിപ്പ് തരുന്നു. ഏതൊരു പഴയ രചനയും സമകാലികമാക്കുന്നതിലൂടെ ചരിത്രം കൂടുതൽ ചലനാത്മകമാകാൻ തുടങ്ങും. ഭൂതകാലത്തിലെ ഫ്യൂഡൽ അധികാര ബിംബങ്ങൾ ഇന്ന്, പ്രത്യക്ഷത്തിൽ കാണുന്നില്ലെങ്കിലും ഉപബോധ മനസ്സിൽ കുടിയിരിപ്പുണ്ട്. ‘അധികാരം’ എന്ന മനുഷ്യ-സാമൂഹിക വിരുദ്ധ (Inhuman & Anti-social) ബിംബങ്ങളോടുള്ള ‘വിധേയത്വം’ വിലക്കുവാങ്ങാനും അടിമ സംസ്കാരം നിലനിർത്താനും കോടികളുടെ സാമ്പത്തിക ശാസ്ത്രമാണ് മെനഞ്ഞെടുക്കുന്നത്. നമ്മുടെ നവോത്ഥാന ചിന്തകൾ രൂപപ്പെടുത്തുന്നതിൽ ഏറെ സഹായിച്ചത് ഏകാധിപത്യ സ്വഭാവമുള്ള ‘ഭാസ്കര പട്ടേലർ’മാരും അവർക്ക് വിധേയമായി എല്ലാ ആട്ടും തുപ്പും സഹിച്ചും വിടുപണി ചെയ്യുന്ന ‘തൊമ്മി’മാരുമല്ല, പകരം, ദുരിതമനുഭവിക്കുന്ന, അനീതികളെ എതിർക്കുന്ന സംഘടിത തൊഴിലാളി മനസ്സാണെന്ന് ഈ നാടകം, മറ്റുപല സമകാലിക നാടകങ്ങളെയുംപോലെ ഓർമപ്പെടുത്തുന്നു.

ഒരു കുഗ്രാമത്തിൽ അപ്രതീക്ഷിതമായി ജോലി തേടി വരുന്ന, കുടിയേറ്റക്കാരനായ തൊമ്മിയും ഭാര്യയും ഭാസ്കര പട്ടേലർ എന്ന ജന്മിക്കു വിധേയരായി, ഒരു ഗ്രാമത്തിൻെറ മൊത്തം സഹനത്തിനും സമരത്തിനും ഹേതുവായിത്തീരുന്ന കഥയാണ് സക്കറിയ കുറിച്ചുവെച്ചിട്ടുള്ളത്. അത് രംഗഭാഷയാക്കുമ്പോൾ, അരങ്ങിൻെറ തുറന്ന സാധ്യതയിൽ, ഉയർച്ചയും താഴ്ചയും (പട്ടേലരുടെ ജീവിതം പോലെത്തന്നെ) അതിവിദഗ്ധമായി ഒരുക്കിയെടുക്കുന്ന ടോട്ടൽ ക്രാഫ്റ്റ്സ്മാൻെറ പണിയാണ് സംവിധായകൻ വിജയിപ്പിച്ചത്.

ഈ നാടകത്തിൻെറ 20 വർഷം മുമ്പുള്ള ചരിത്രം കൂടി ഓർമപ്പെടുത്തേണ്ടതുണ്ട്. ഇതേ നാടകം തൃശൂർ വല്ലച്ചിറയിൽ, സംവിധായകൻ പ്രിയനന്ദനൻ ഭാസ്കര പട്ടേലരും ആൻറണി വല്ലച്ചിറ തൊമ്മിയുമായി 1996ൽ, വല്ലച്ചിറ ഓണാഘോഷത്തിൽ അവതരിപ്പിച്ചിരുന്നു. പിന്നീട് ചേർപ്പിലെ അവതരണത്തിൽ പട്ടേലരായി, നാഷനൽ സ്കൂൾ ഓഫ് ഡ്രാമ കഴിഞ്ഞു വന്ന കെ.കെ. രാജനും കോഴിക്കോട്ടെ അവതരണത്തിൽ ജോയ് മാത്യുവും (പട്ടേലർ), സുവീരനും (തൊമ്മി) അതിഗംഭീരമാക്കി. അരങ്ങിൻെറ ജീവനായ അഭിനേതാക്കളെ മറന്നുള്ള ‘ഹൈടെക് നാടകവേദി’യുടെ ദുരന്തം എങ്ങനെ അതിജീവിക്കും എന്ന് തലപുകക്കുന്നവർക്ക്, സുവീരൻെറ രണ്ടാം വരവ് വലിയ പ്രചോദനമായിരിക്കും. കാലിക്കറ്റ് ഇൻറർ സോൺ മത്സരത്തിലും (അഞ്ചുതവണ മികച്ച അവതരണത്തിനുള്ള പുരസ്കാരം) കേരള സംഗീത നാടക അക്കാദമി മത്സരത്തിലും (മൂന്നുതവണ മികച്ച അവതരണം, സംവിധായകൻ) അബൂദബി ഭരത് മുരളി സ്മാരക നാടക മത്സരത്തിലും (ആറുതവണ മികച്ച അവതരണം, സംവിധായകൻ) നേട്ടങ്ങൾ സ്വന്തമാക്കിയ തൃശൂർ സ്കൂൾ ഓഫ് ഡ്രാമക്കാരനായ പ്രതിഭയാണ് സുവീരൻ. കാണ്ടാമൃഗം, ഭരതവാക്യം, കസേരകളി, ദ്വീപ്, സൂ സ്റ്റോറി, ഗലീലിയോ, ചക്രം, വോയ്സക്, നാഗമണ്ഡല, ഉടമ്പടിക്കോലം, അഗ്നിയും വർഷവും, ആയുസ്സിൻെറ പുസ്തകം, ഹംസദൂത്, നാഗ (കൊല്ലം കാളിദാസ), ഈഡിപ്പസ് (ഈ വർഷത്തെ അബൂദബി ഭരത് മുരളി നാടകോത്സവത്തിൽ ഏഴ് അവാർഡുകൾ) എന്നീ നാടകങ്ങളെല്ലാം സുവീരൻെറ പ്രതിഭയുടെ സാക്ഷ്യപ്പെടുത്തലുകളാണ്.